

ജമാഅത്തെ ഇസ്‌ലാമി പരിവർത്തനത്തിലൂടെ

എം. ഐ. മുഹമ്മദലി സുല്ലമി

ദീനും ദുനിയാവും

ജമാഅത്തെ ഇസ്‌ലാമിയും ഇതര മുസ്‌ലിം സംഘടനകളും തമ്മിൽ അഭിപ്രായ വ്യത്യാസമുള്ള മറ്റൊരു പ്രശ്നമാണ് ദീനും ദുനിയാവും തമ്മിലുള്ള ബന്ധം. ഇതിനെക്കുറിച്ച് നാം വിലയിരുത്തുമ്പോൾ ആദ്യമായി ഗ്രഹിക്കേണ്ടത് ഇസ്‌ലാം മനുഷ്യപ്രകൃതിയോട് അനുരൂപമായ ഒരു മതമാണെന്നതാണ്. ഇസ്‌ലാമിന്റെ വിശ്വാസകാര്യങ്ങളും അനുഷ്ഠാന കർമ്മങ്ങളും സാംസ്കാരിക മര്യാദകളുമെല്ലാം മനുഷ്യന്റെ സ്വഭാവഗുണങ്ങളോട് പൊരുത്തപ്പെടുന്നതും ലളിതവും സുഗ്രാഹ്യവുമാണ്. 'നിന്റെ മുഖത്തെ വക്രതയില്ലാത്ത മതത്തിലേക്ക് നീ തിരിക്കുക. അത് ജനങ്ങളെ അല്ലാഹു സൃഷ്ടിച്ച (സൃഷ്ടിപ്പിനോടനുരൂപമായ) പ്രകൃതി (മത)മാണ്. അത് ചൊവ്വായ മതമാണ്. പക്ഷെ അധിക ജനങ്ങളും അറിയുന്നില്ല' (അൽ അൻകബൂത്ത്).

മനുഷ്യ പ്രകൃതിയോട് യോജിക്കുന്ന ഇസ്‌ലാം മനുഷ്യന്റെ സവിശേഷതയായ ബുദ്ധിയെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യ ബുദ്ധിയെ നാം വിലയിരുത്തുകയാണെങ്കിൽ അവന്റെ ഭൗതിക ജീവിതം ഭാസുരമാക്കാനായുള്ള കഴിവുകൾ അവന്റെ ബുദ്ധിയിൽ അല്ലാഹു നിക്ഷേപിച്ചിട്ടുണ്ടെന്നു കാണാം. തന്റെ ബുദ്ധി ഉപയോഗിച്ചു കരയുടെയും കടലിന്റെയും ചുരുളുകൾക്കിടയിൽ നിഗൂഢമായിക്കിടക്കുന്ന രഹസ്യങ്ങളിലേക്ക് അവൻ കടന്നു ചെന്നുകൊണ്ട് അവയെ തന്റെ പ്രയോജനത്തിന്നായി ഉപയുക്തമാക്കാൻ മനുഷ്യന് സാധിക്കും. പദാർത്ഥങ്ങളുടെ സ്വഭാവസവിശേഷതകളും പ്രത്യേകതകളും മനസ്സിലാക്കിത്തരുന്ന ഭൗതിക വിജ്ഞാനങ്ങൾ കൊണ്ട് എല്ലാ സുഖഭോഗവസ്തുക്കളും നേടിയെടുക്കാൻ മനുഷ്യന് കഴിയും. ഇവയൊന്നും പഠിപ്പിക്കാൻ ഒരു ദൈവദൂതനോ മതഗ്രന്ഥമോ ആവശ്യമില്ല. മാത്രമല്ല ഇത്തരം ദുനിയാ കാര്യങ്ങളിൽ അപൂർവം ചില സന്ദർഭങ്ങളിലൊഴിച്ച് സാധാരണ മനുഷ്യർ പ്രവാചകന്മാരേക്കാൾ വൈദഗ്ധ്യമുള്ളവരായിരിക്കുകയും ചെയ്തേക്കാം. അതുകൊണ്ടാണ് ബദർ യുദ്ധവേളയിൽ സ്ഥലം നിർണ്ണയിച്ചപ്പോഴും ഖന്ദഖ് യുദ്ധവേളയിൽ കിടങ്ങ് കീറിയപ്പോഴുമെല്ലാം നബി(സ) തന്റെ അനുചരന്മാരുടെ അഭിപ്രായം തേടിയത്. അങ്ങനെ ഭക്ഷണം, കൃഷി, കച്ചവടം വ്യവസായം, രാഷ്ട്രീയം, വിദ്യാഭ്യാസം ഇങ്ങനെ നീണ്ടുപോകുന്ന അനേകം കാര്യങ്ങളിൽ മനുഷ്യന് തന്റെ ബുദ്ധിയും വിജ്ഞാനവും ഉപയോഗിച്ച് പുരോഗതിയുടെ ഉത്തുംഗതയിലെത്തിച്ചേരാവുന്നതാണ്.

ബുദ്ധിക്ക് അതീതം

എന്നാൽ മനുഷ്യ ബുദ്ധിക്കും ചിന്തക്കും അതീതമായ ഒരു മേഖലയുണ്ട്. മരണം മുതൽ ആരംഭിക്കുകയും അനന്തമായി തുടർന്നു നിൽക്കുകയും ചെയ്യുന്ന ആ ജീവിതം സുഖസമ്പൂർണമാക്കാനും അവിടേക്കു ആവശ്യമായ യാത്രാകോപ്പുകൾ ഒരുക്കാനുമുള്ള മാർഗം മനുഷ്യബുദ്ധിയിൽ നിക്ഷേപിക്കപ്പെട്ടിട്ടില്ല. 'പറയുക നിശ്ചയമായും ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ആരാധ്യൻ ഏക നാണെന്നു എനിക്കു ബോധനം നൽകപ്പെട്ടിരിക്കുന്നു' (അൽകഹ്ഫ്). ഈ ബോധനത്തിലൂടെ മനുഷ്യവർഗത്തിന്നു അല്ലാഹു കനിഞ്ഞേകിയ വിശ്വാസങ്ങൾക്കും കർമ്മങ്ങൾക്കും നിർദ്ദേശങ്ങൾക്കുമാകുന്നു ദീനീ കാര്യങ്ങൾ എന്നു പറയുന്നത്. മനുഷ്യബുദ്ധിക്ക് അജ്ഞാതമായ പ്രസ്തുത കാര്യങ്ങൾ തങ്ങൾക്ക് ആരും പഠിപ്പിച്ചു തരാത്തത് കൊണ്ടാണ് തങ്ങൾ ശിക്ഷയിലകപ്പെട്ടതെന്നു പരലോകത്ത് കുറ്റവാളികൾക്ക് വിലപിക്കാൻ പ്രവാചക നിയോഗത്താൽ സാധിക്കാതെ വരുന്നു. "ഒരു പ്രവാചകനെ നിയോഗിക്കാതെ നാം ശിക്ഷിക്കുന്നതല്ല" (ഖുർആൻ)

പാരത്രിക വിജയം ലക്ഷ്യമാക്കുന്ന ദീനീ കാര്യങ്ങൾ പ്രവാചകൻമാരിലൂടെ മാത്രമേ നമുക്ക് ലഭ്യമാവുകയുള്ളൂ. അതുകൊണ്ടാണ് നബി(സ) കൊണ്ടു വന്ന കാര്യങ്ങളെ നിരുപാധികമായി അംഗീകരിക്കാനും അനുസരിക്കാനും അല്ലാഹു ആജ്ഞാപിച്ചത്. 'റസൂൽ നിങ്ങൾക്ക് കൊണ്ടുവന്നതിനെ നിങ്ങൾ സ്വീകരിക്കുക. വിരോധിച്ചതിൽ നിന്ന് വിരമിക്കുക' (അൽ ഹശ്ർ). നബി(സ)യുടെ അനുവാദം കൂടാതെ ഒരു മതകാര്യവും അനുവർത്തിച്ചുകൂടാ. "ആരെങ്കിലും നമ്മുടെ ആജ്ഞയില്ലാത്ത പ്രവർത്തനം ചെയ്താൽ അത് തിരസ്ക്കരിക്കേണ്ടതാണ്" (ബുഖാരി-മുസ്‌ലിം) "നമ്മുടെ ഈ കാര്യത്തിൽ നൂതനമായുണ്ടാക്കപ്പെടുന്നതെല്ലാം തള്ളപ്പെടേണ്ടതാണ്" (ബുഖാരി-മുസ്‌ലിം)

നിയമങ്ങൾ രണ്ടുവിധം

ഇസ്‌ലാമിക നിയമങ്ങളും പരിശോധിക്കുമ്പോൾ രണ്ടു തരത്തിലുള്ള നിർദ്ദേശങ്ങൾ നമുക്ക് കാണാൻ കഴിയുന്നു. അവയിൽ ഒന്നാമത്തേത് അടിസ്ഥാനപരമായിത്തന്നെ ഖുർആനിലൂടെയും തിരുചര്യയിലൂടെയും ലഭ്യമായവയാണ്. അഥവാ നബി(സ)യുടെ നിയോഗത്തിനുമുമ്പ് അത്തരം കർമങ്ങളുടെയും വിശ്വാസങ്ങളുടെയും രൂപഭാവങ്ങൾ മനുഷ്യന് അജ്ഞാതമായിരുന്നു. അല്ലാഹു, മലക്കുകൾ, നബിമാർ തുടങ്ങിയവരിലുള്ള വിശ്വാസങ്ങളും, നമസ്കാരം, നോമ്പ് തുടങ്ങിയ ആരാധനാ കർമ്മങ്ങളും ഈ ഗണത്തിൽ പെടുന്നു. ഇവയിൽ കൈകടത്തുവാനോ സ്വയം നിയമനിർമാണം നടത്തുവാനോ മനുഷ്യന് അവകാശമില്ല. അതുകൊണ്ടാണ് നബി(സ)പറഞ്ഞത്. 'ഞാൻ നമസ്കരിക്കുന്നപോലെ നിങ്ങളും നമസ്കരിക്കുക' നിങ്ങളുടെ ആരാധനാ കർമ്മങ്ങൾ എന്നിൽ നിന്ന് സ്വീകരിക്കുക' ഇത്തരം മതനിയമങ്ങളും ഒരാൾ സ്വയം നിർമ്മിക്കുന്നത് അനുവദനീയമല്ലാത്തതും അല്ലാഹുവിന്റെ അവകാശങ്ങളിൽ പങ്കുചേർക്കലുമാണ്.

ام لهم شركاؤاشرعوا لهم من الدين مالم يأذن به الله ولولا كلمة الفصل لقضى بينهم وان الظالمين لهم عذاب اليم (الشورى ٢١)

(ദീനിൽ അല്ലാഹുവിന്റെ ആജ്ഞ കൂടാതെ അവർക്ക് നിയമങ്ങളേകുന്ന പങ്കുകാരുണ്ടോ. തീരുമാനത്തിന്റെ ദിനമില്ലായിരുന്നുവെങ്കിൽ അവർക്കിടയിൽ (ഇപ്പോൾതന്നെ) വിധിക്കപ്പെടുമായിരുന്നു. നിശ്ചയമായും അക്രമകാരികൾക്ക് കഠിനമായ ശിക്ഷയുണ്ട്' (ശൂറാ)

ഇസ്‌ലാമിക നിയമങ്ങളിൽ രണ്ടാമത്തെ വിഭാഗം മനുഷ്യ ബുദ്ധിയിലൂടെയും ചിന്തയിലൂടെയും കണ്ടെത്താൻ കഴിയുന്ന ഭൗതിക കാര്യങ്ങളിലാണ്. അവയിൽ നീതിയും സത്യവും നിലനിർത്താനായി നൽകപ്പെട്ട നിർദ്ദേശങ്ങളാണവ. കച്ചവടം, കൃഷി, വ്യവസായം, രാഷ്ട്രീയം, ഭരണസംവിധാനം, ഭക്ഷണപാനീയങ്ങൾ തുടങ്ങിയവയെല്ലാം മനുഷ്യന് അവന്റെ ബുദ്ധികൊണ്ട് കരസ്ഥമാക്കാൻ കഴിയുന്നവയാണെന്നു നാം മുമ്പ് സൂചിപ്പിച്ചുവല്ലോ. എന്നാൽ ഭൗതികാവശ്യത്തിനു വേണ്ടിയുള്ള അത്തരം കാര്യങ്ങളിൽ സത്യവും നീതിയും നിലനിർത്താനായി ചില നിയമങ്ങളും നിയന്ത്രണങ്ങളും ഇസ്‌ലാം ചുമത്തിയിട്ടുണ്ട്. ഇവ നബി(സ)യുടെ കാലഘട്ടത്തിലുള്ള ഭൗതിക കാര്യങ്ങൾക്കു മാത്രമല്ല പിൽക്കാലത്ത് ശാസ്ത്രീയ കണ്ടുപിടുത്തങ്ങളിലൂടെ ഉണ്ടാവുന്നവക്കും കൂടി ബാധകമായിരിക്കും. അവ ലംഘിക്കാതെ നമുക്ക് നാം ഉദ്ദേശിക്കുന്ന ഏതൊരു ഭൗതിക കാര്യവും പ്രവർത്തിക്കാവുന്നതാണ്. അവയിൽ നബി(സ)യുടെ മാതൃകയില്ലാ

എന്നതുകൊണ്ട് ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിൽ ബിദ്അത്ത് (നവീനകാര്യം) എന്നു പറയാറില്ല. അതുകൊണ്ടുതന്നെ നബി(സ) രുചിച്ചു നോക്കുക പോലും ചെയ്യാത്ത ഭക്ഷണപാനീയങ്ങൾ നമുക്ക്കഴിക്കുകയും അവിടുന്ന് ധരിക്കാത്ത വസ്ത്രങ്ങൾ ധരിക്കുകയും ചെയ്യാം. അദ്ദേഹം യാത്ര ചെയ്യുകയോ കാണുക പോലുമോ ചെയ്യാത്ത വാഹനങ്ങളിൽ നമുക്ക് സഞ്ചരിക്കാം. അപ്രകാരം തന്നെ അവിടുന്ന് പഠിപ്പിക്കാത്ത രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യ നിയമങ്ങൾ ഉണ്ടാക്കുന്നതും അനുവദനീയമാണ്. പക്ഷെ അവയൊന്നും ഇസ്‌ലാമിക ശിക്ഷണങ്ങൾക്ക് വിരുദ്ധമോ സത്യത്തിനും നീതിക്കും നിരക്കാത്തതോ ആകാവതല്ല.

എന്നാൽ ദീനി കർമ്മങ്ങൾ അവയിലെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും നബി(സ)യുടെ മാതൃകയെ പിന്തുടരൽ നിർബന്ധമാണ്. അവ ഇസ്‌ലാമിക നിയമങ്ങൾക്ക് വിരുദ്ധമാകാതിരുന്നാൽ മാത്രം പോരാ, മറിച്ച്, ഭൗതിക കാര്യം ഇസ്‌ലാമിക നിയമങ്ങൾക്ക് വിരുദ്ധമാകാതിരുന്നാൽ മാത്രം മതി. അഥവാ ദീനി കാര്യങ്ങൾ അല്ലാഹുവും പ്രവാചകനുംകൽപ്പിച്ചതു മാത്രമേ ചെയ്യാവു. മറ്റൊന്നും ചെയ്തുകൂടാ. എന്നാൽ ദുൻയവീ കാര്യങ്ങളിൽ അല്ലാഹു വിരോധിച്ചത് ചെയ്തുകൂടാ. മറ്റെന്തും ചെയ്യാം. ഉദാഹരണത്തിനു ഒരു നമസ്കാരം നിർവഹിക്കണമെങ്കിൽ അതിന് മതപരമായ തെളിവ് അഥവാ നബി(സ)യുടെ മാതൃക ആവശ്യമാണ്. എന്നാൽ ഒരു യാത്ര ചെയ്യണമെങ്കിൽആ വാഹനത്തിൽ നബി(സ)യാത്ര ചെയ്തതോ അനുവദിച്ചതോ ആയ തെളിവുകൾ ആവശ്യമില്ല. നബി(സ)യുടെ നിരോധം ഇല്ലാതിരുന്നാൽ മാത്രം മതി. അതുകൊണ്ടാണല്ലോ നബി(സ)യുടെ കാലത്ത് ഇല്ലാതിരുന്ന കാർ, ബസ്, തീവണ്ടി, വിമാനം ഇവയെല്ലാം നാം നിരാക്ഷേപം ഉപയോഗിക്കുന്നത്. ദീൻ കാര്യവും ദുൻയാ കാര്യവും തമ്മിൽ ഈ വ്യത്യാസമുണ്ടായതുകൊണ്ടാണ് 'ഞാൻ നമസ്കരിച്ചതുപോലെ നിങ്ങളും നമസ്കരിക്കുക' എന്നു പറഞ്ഞ നബി (സ) ഞാൻ കയറിയ വാഹനത്തിൽ നിങ്ങളും കയറുക എന്നു പറയാതിരുന്നത്.

തെളിവുകൾ കാണുക

ഈ അടിസ്ഥാനത്തിലാണ് ദീനും ദുൻയാവും വ്യത്യാസമുള്ള കാര്യങ്ങളാണെന്നു നാം പറയുന്നത്. നബി(സ) തന്നെ അതു വ്യക്തമായ ഭാഷയിൽ പറഞ്ഞിട്ടുമുണ്ട്. ഇമാം മുസ്‌ലിം നിവേദനം ചെയ്ത ഒരു ഹദീസ് ശ്രദ്ധിക്കുക. നബി(സ) പറഞ്ഞു: 'ഞാൻ ഒരു മനുഷ്യൻ മാത്രം. അല്ലാഹുവിങ്കൽ നിന്ന് എനിക്കു ലഭിച്ച നിർദ്ദേശങ്ങളുടെ കാര്യത്തിൽ എന്റെ കല്പനകൾ നിങ്ങൾ അനുസരിക്കണം. അതല്ലാത്ത ലൗകികകാര്യങ്ങളെ സം

ബന്ധിച്ചേടത്തോളം ഞാനും നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ലൗകിക കാര്യങ്ങൾ നിങ്ങൾക്കാണ് കൂടുതൽ അറിയുക'.

ദീനും ദുൻയാവും രണ്ടാണെന്നു പറയുമ്പോൾ പാശ്ചാത്യരുടെ വാദഗതിയെയല്ല നാം പിന്തുടരുന്നത്. മതത്തെ കേവലം ആരാധനായലങ്ങളിൽ മാത്രം കുരുക്കിയിടണമെന്നും ദൈവ നിർദ്ദേശങ്ങക്ക് ജീവിതത്തിൽ സ്ഥാനമില്ലെന്നുമുള്ള വാദം ഇവിടെയില്ല. മനുഷ്യന്റെ ഭൗതിക കാര്യങ്ങളിലെല്ലാം തന്നെ അല്ലാഹുവിന്റെ നിരോധവും (ഹറാം) അനുവദനീയവും (ഹലാൽ) പരിഗണിക്കേണ്ടതാണ്. ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും ഇവ ഗ്രഹിക്കാവുന്നതിന്നു പുറമെ മുസ്‌ലിം ലോകത്ത് ഒരിക്കലും അഭിപ്രായ ഭിന്നതയുണ്ടായിട്ടില്ലാത്ത ഒരു കാര്യമാണിത്. ശൈഖുൽ ഇസ്‌ലാം ഇബ്നുതീമിയ(റ) പറയുന്നു:

ان تصرفات العباد من الاقوال والافعال نوعان عبادات يصلح بها دينهم وعادات يحتاجون اليها فى دنياهم فباستقراء اصول الشريعة تعلم ان العبادات التى اوجبها الله او احبها لا يثبت الامر بها الا بالشرع

واما العبادات فهى ما اعتاده الناس فى دنياهم مما يحتاجون اليه والاصل فيه عدم الحظر فلا يحظر منه الا ما حظره الله سبحانه وتعالى (فقه النورانية لابن تيمية ونقلها الشيخ يوسف القرضاوى فى كتابه الحلال والحرام فى الاسلام)

(മനുഷ്യന്റെ കർമ്മപരവും വാചികാപരവുമായ പ്രവർത്തനങ്ങൾ രണ്ടുതരമാകുന്നു. അവയിൽ ഒന്ന് അവരുടെ ദീനിന്റെ നന്മക്കാവശ്യമായ ഇബാദത്തുകളാണ്. മറ്റൊന്ന് ജനങ്ങൾക്ക് അവരുടെ ദുൻയാവിൽ ആവശ്യമുള്ള ആചാരങ്ങളാണ്. അല്ലാഹു നിർബന്ധിക്കുകയോ ഇഷ്ടപ്പെടുകയോ ചെയ്ത ഇബാദത്തുകൾ ശറഇലെ കൽപനകൊണ്ട് മാത്രമേ സ്ഥാപിക്കപ്പെടുകയുള്ളൂ എന്നു മതത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ പരിശോധിച്ചാൽ നമുക്ക് ഗ്രഹിക്കാവുന്നതാണ്. എന്നാൽ ആചാരങ്ങൾ ജനങ്ങൾ തങ്ങൾക്കാവശ്യമായത് ജീവിതത്തിൽ നടപ്പാക്കിയതത്രെ. അവ നിരോധിക്കപ്പെട്ടവയാവാതിരുന്നാൽ മാത്രം മതി. അവയിൽ നിന്നു അല്ലാഹു നിരോധിച്ചതേ ഹറാമാവുകയുള്ളൂ).

ഇത് മുസ്‌ലിം ലോകത്തെ പണ്ഡിതന്മാർ എക്കാലത്തും അംഗീകരിച്ച തത്വമാണെന്നു പ്രമുഖ പണ്ഡിതരുടെവാക്കുകളിലൂടെ യൂസുഫുൽ ഖർളാവി തന്റെ 'അൽഹലാലു വൽഹറാമു ഫിൽ ഇസ്‌ലാം' എന്ന പുസ്തകത്തി

ന്റെ മുഖവുരയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

ഈ അടിസ്ഥാനത്തിൽ ദീൻ കാര്യങ്ങൾ മനുഷ്യൻ സ്വയം നിർമ്മിക്കാൻ പാടില്ലാത്ത പോലെത്തന്നെ അവയിൽ കൈകടത്തലും അനുവദനീയമല്ലെന്നു കാണാവുന്നതാണ്. നമസ്കാരത്തിനു പുതിയ സമയങ്ങൾ നിർണ്ണയിക്കുന്നത് അനുവദനീയമല്ലാത്തത് പോലെ അതിലെ കർമ്മങ്ങൾ വ്യത്യാസപ്പെടുത്താവതുമല്ല. എന്നാൽ ദീൻ കാര്യങ്ങൾ മതത്തിന്റെ നിരോധമില്ലെങ്കിൽ നബി(സ) പ്രവർത്തിക്കാത്തത് പ്രവർത്തിക്കാം. അതു പോലെത്തന്നെ അവയിൽ നിയന്ത്രണം വരുത്താവുന്നതുമാണ്. രാഷ്ട്രത്തിന്റെ പൊതുതാൽപര്യം പരിഗണിച്ച് ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കുകയോ നമ്മുടെ ആരാധനകളിൽ ഭേദഗതി വരുത്തുകയോ ചെയ്യാൻ ഒരു ഭരണാധികാരിക്കും അവകാശമില്ല. എന്നാൽ ഭൗതിക കാര്യങ്ങളിൽ അങ്ങനെ ചെയ്യാവുന്നതാണ്. ഏതെങ്കിലും ഒരു തരം കച്ചവടമോ ജോലിയോ രാഷ്ട്രീയ പ്രവർത്തനമോ രാഷ്ട്രത്തിന്റെ പൊതു താൽപര്യം പരിഗണിച്ച് ഒരു ഗവർമ്മെൻറിന്നു തടയാവുന്നതാണ്. ഇസ്‌ലാം അതിന്നെതിരല്ല. ഉമർ(റ) ഖുറൈശി പ്രമാണിമാരെ മക്കയിൽ നിന്നും മദീനയിൽ നിന്നും ഇതര ഇസ്‌ലാമിക പട്ടണങ്ങളിൽപോയി താമസിക്കുന്നതിൽ നിന്നു തടയുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രവർത്തനത്തെ, അല്ലാഹു അനുവദിച്ചതിനെ നിരോധിക്കലാണെന്നു ഒരു പണ്ഡിതനും ആരോപിച്ചില്ല. എന്നാൽ മർവാന്റെ കാലത്ത് പെരുന്നാൾ ഖുതുബ നമസ്കാരത്തിന്നു മുമ്പ് നടത്താൻ ഉദ്ദേശിച്ചപ്പോൾ മതപണ്ഡിതന്മാർ അതിന്നെതിരെ ശക്തമയി പ്രതികരിക്കുകയുമുണ്ടായി.

മതനിയമങ്ങളല്ല

എന്നാൽ ഭൗതിക കാര്യങ്ങളിൽ വ്യക്തികളും രാഷ്ട്രങ്ങളും ഉണ്ടാക്കുന്ന നിയമങ്ങൾ മതനിയമങ്ങളായി പരിഗണിക്കാവുന്നതല്ല. കാരണം ഹലാലും ഹറാമും തീരുമാനിക്കുവാൻ ഇസ്‌ലാം മനുഷ്യന് അവകാശം നൽകുന്നില്ല. ഇത്തരം അവകാശം തങ്ങളുടെ പുരോഹിത വൃന്ദത്തിന്ന് ജൂതക്രിസ്ത്യാനികൾ നൽകിയിരുന്നു. അതിനെ ഖുർആൻ വിമർശിക്കുകയുണ്ടായി.

اتخذوا احبارهم ورهبانهم اربابا من دون الله (التوبة ٣١)

'അവർ അവരുടെ പുരോഹിതരെയും പാതിരിമാരെയുംഅല്ലാഹുവിനു പുറമെയുള്ള റബ്ബുകളാക്കി'. അതിന്നു പുറമെ ഖുർആൻ അവരെ ഇങ്ങനെ ഉപദേശിച്ചു:

ولا تقولوا لما تصف السنتكم الكذب هذا حلال وهذا حرام لتفتروا على الله الكذب ان الذين يفترون على الله الكذب لا يفلحون (النحل ١١٦)

അല്ലാഹുവിന്റെ പേരിൽ കളവു പറഞ്ഞു കൊണ്ട് നിങ്ങളുടെ നാവ് വി ശേഷിപ്പിക്കുന്നതനുസരിച്ച് ഇത് ഹലാല്, ഇത് ഹറാമ് എന്ന് നിങ്ങൾ പറയരുത്. നിശ്ചയമായും അല്ലാഹുവിന്റെ മേൽ വ്യാജം കെട്ടിച്ചമക്കുന്നവർ വിജയിക്കില്ല.' (അന്നഹ്ൽ)

മുസ്ലിംകൾ എക്കാലത്തും അംഗീകരിച്ചുവന്നിരുന്ന ഈ തത്വങ്ങൾ ഇസ്ലാമിസ്റ്റുകൾ കാറ്റിൽ പറത്തി. എന്നിട്ട് ദീനും ദുൻയാവും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നും അവർ പ്രഖ്യാപിച്ചു. ഇസ്ലാമിൽ ദീനിനെയും ദുൻയാവിനെയും വേർപെടുത്തുക സാധ്യമല്ല' (പ്രബോധനം: പുസ്തകം 6, ലക്കം 1)

ഇങ്ങനെ ദീനും ദുൻയാവും ഒന്നാണെന്ന വാദത്തിലൂടെ നമസ്കാരത്തിൽ കൃത്രിമം നടത്തുന്നതു പോലെത്തന്നെയാണ് ഭൗതിക കാര്യങ്ങളിൽ നിയമങ്ങളുണ്ടാക്കുന്നതെന്നും അവർ വാദിച്ചു. അതിനാൽ ക്രിസ്ത്യാനികൾ മതനിയമങ്ങൾക്ക് പുരോഹിതന്മാരെ അവലംബിച്ചത് എപ്രകാരം ശിർക്കായോ അതുപോലത്തന്നെ ഭരണാധികാരികളെ ഭൗതിക കാര്യങ്ങളിൽ നിയമങ്ങളുണ്ടാക്കാൻ അനുവദിക്കുന്നതും ശിർക്കാണെന്നു അവർക്കു തോന്നി.

ഇന്ത്യയിലെ ഗവൺമെൻറിനെ മതനിയമങ്ങൾ നിർമ്മിക്കാൻ അവകാശമുള്ള അധികാരികളായി മുസ്ലിംകളാരും കരുതുന്നില്ല. ഭൗതിക കാര്യങ്ങളിൽ തന്നെ ഹലാലും ഹറാമും തീരുമാനിക്കാനുള്ള അവകാശവും നാം ഭരണകൂടത്തിന്നു നൽകുന്നില്ല. ഏതെങ്കിലും ഒരു പ്രദേശത്ത് മദ്യനിരോധം നടപ്പാക്കുമ്പോൾ കള്ള് ഹറാമാകുമെന്നും നിർദേശം പിൻവലിക്കുമ്പോൾ കള്ള് ഹലാലാകുമെന്നും ഒരു മുസ്ലിമും വിശ്വസിക്കുന്നില്ല. ക്രിസ്ത്യാനികളും ജൂതരും അവരുടെ പുരോഹിതരെ വീക്ഷിക്കുന്നത് ഇതിൽ നിന്ന് തികച്ചും ഭിന്നമാണെന്ന് പറയേണ്ടതില്ലല്ലോ. പുരോഹിതൻ ഒരു കാര്യം മതമാണെന്നു പറയുമ്പോൾ അവർക്ക് മതമാകുകയും ഹലാലെന്നു പറയുമ്പോൾ ഹലാലാവുകയും ഹറാമെന്നു പറയുമ്പോൾ ഹറാമാവുകയും ചെയ്യുന്നു. ഇതിനെയാണ് ഖുർആൻ അധിക്ഷേപിച്ചത്.

ദീനിനെയും ദുൻയാവിനെയും ഇപ്രകാരം വസ്തുനിഷ്ഠമായി ഗ്രഹിക്കാത്തതുകൊണ്ടാണ് ചിലർക്ക് ഇവിടെ പിഴവ് പറ്റിയത്. അത് മൂലമാണ്ഗവൺമെൻറിനെ അംഗീകരിക്കുന്നതും അനുസരിക്കുന്നതുമെല്ലാം അവർക്ക് കുറ്റകരമായിതോന്നിയത്. അതിനെക്കുറിച്ചുള്ള വിവരണങ്ങൾ പിറകെ വരുന്നുണ്ട്.

ഇസ്ലാമികേതര ഗവർമെൻറും മുസ്ലിംകളും

നബി(സ)യുടെ വിയോഗാനന്തരം ഖുലഫാ ഉർറാശിദീങ്ങളുടെ ഭരണം അഥവാ പൂർണ്ണമായ അർത്ഥത്തിലുള്ള ഇസ്ലാമിക ഭരണം ഏതാനും വർഷങ്ങളേ നിലനിന്നിരുന്നുള്ളൂ. അന്നുതന്നെയും മുസ്ലിംകളുണ്ടായിരുന്ന എല്ലാ പ്രദേശങ്ങളും അതികനിറ അധികാരപരിധിയിൽ പെട്ടിരുന്നുമില്ല. പിന്നീടുള്ള കാലമത്രയും ജമാഅത്ത് ഭാഷയിൽ താഗൂതീ ഗവർമെണ്ടുകൾക്ക് കീഴിലായിരുന്നു മുസ്ലിംകൾ വസിച്ചിരുന്നത്. അവയിൽ ചിലതിന്റെ ഭരണാധികാരികൾ മുസ്ലിംകളായിരുന്നുവെങ്കിൽ മറ്റുള്ളവയുടെ സാരഥികൾ അമുസ്ലിംകളായിരുന്നു. ഇത്തരം ഭരണകൂടങ്ങൾക്കു കീഴിൽ ഖുർആൻ, ഹദീസ്, കർമ്മശാസ്ത്രം, വിശ്വാസശാസ്ത്രം തുടങ്ങിയവയിൽ അവഗാഹം നേടിയിരുന്ന പല പണ്ഡിത ശിരോമണികളും മതനേതാക്കളും ജീവിതം കഴിച്ചു കൂട്ടുകയുണ്ടായി. പക്ഷെ അവരാരുംതന്നെ പ്രസ്തുത ഭരണകൂടങ്ങളെയോ ഭരണാധികാരികളേയോ താഗൂത്തികളായി മുദ്രയടിച്ചിരുന്നില്ല. അവിടുത്തെ ഭരണകൂടങ്ങളുമായി സൽകാര്യങ്ങളിൽ സഹകരിക്കുന്നതിനെയോ അവയുടെ പാഠശാലകളിൽ നിന്ന് ഭൗതിക വിജ്ഞാനീയങ്ങളിൽ പ്രാഗത്ഭ്യം നേടുന്നതിനെയോ വിരോധിച്ചിരുന്നില്ല. പ്രസ്തുത ഭരണകൂടങ്ങൾക്കെതിരിൽ വിപ്ലവകാഹളംഊതേണ്ടത് ഇസ്ലാമിക ദൗത്യത്തിന്റെ അനുപേക്ഷണീയമായ കർത്തവ്യമായി അവർ പ്രഖ്യാപിച്ചിരുന്നുമില്ല. അവയെ അനുസരിക്കുന്നത് ഇസ്ലാമിക വിരുദ്ധമാണെന്ന് അവർ മതവിധി പുറപ്പെടുവിച്ചിരുന്നുമില്ല. എന്നാൽ ഭരണാധികാരികളുടെ തെറ്റുകളെ ചൂണ്ടിക്കാണിക്കുന്നതിൽ അവർ അമാന്തിക്കുകയോ വൈമുഖ്യം പ്രകടിപ്പിക്കുകയോ ചെയ്യുന്നവരുമായിരുന്നില്ല.

പക്ഷെ ഇസ്ലാമിസ്റ്റുകൾ മുസ്ലിം ലോകം അംഗീകരിച്ചു വന്നിരു

ധരിക്കരുത്. താർത്താരികൾ മുസ്‌ലിം രാഷ്ട്രങ്ങൾ കീഴടക്കിയ കാലം മുതലുള്ള അനേകം നൂറ്റാണ്ടുകളിലേക്ക് ഇതിന്റെ വേരുകൾ ആണ്ടിറങ്ങുന്നു. അന്ന് "ഇസ്‌ലാമികേതര വ്യവസ്ഥക്ക്" കീഴിൽ ഇസ്‌ലാമിക ജീവിതം സാധ്യമാണെന്നതിന്റെ ചിത്രം വരക്കുക മാത്രമാണ് ചെയ്തതെന്നും നിങ്ങൾ വിചാരിക്കരുത്. പ്രത്യുത അന്നത്തെ ഉന്നതന്മാരായ പണ്ഡിതരും മഹത്തുക്കളും പ്രായോഗികതലത്തിൽ തന്നെ അത് നടപ്പാക്കുകയുണ്ടായി. അനിസ്‌ലാമിക ഭരണകൂടത്തിന്റെ പതാകക്കു കീഴിൽ അവർ ജോലികളിൽ വ്യാപൃതരായി. അവരുടെ കൂട്ടത്തിലുള്ള വലിയ ഒരു വിഭാഗത്തിന്റെ ഖുർആൻ വ്യാഖ്യാനങ്ങളും ഗ്രന്ഥങ്ങളുമാണ് നമ്മുടെ പണ്ഡിതരും മഹാന്മാരായ മുഫ്തികളും തങ്ങളുടെ പഠനത്തിന് ആശ്രയിച്ചത്. ഇന്ന് ഇത്തരം ഗ്രന്ഥങ്ങൾ നമ്മുടെ അറബിക്കോളേജുകളിലും മതപാഠശാലകളിലും അവർ പഠിപ്പിക്കുകയും ചെയ്യുന്നു.' (മൗദൂദിയുടെ ഇസ്‌ലാമിക ഭരണം എന്ന കൃതിയുടെ അറബി പതിപ്പ് ഹുകൂമത്തുൽ ഇസ്‌ലാമിയ്യ: പേ 42)

ഇത്തരം തീവ്രവാദങ്ങളുമായി മൗദൂദി രംഗത്തു വന്നപ്പോൾ സ്വാഭാവികമായും ഇതര മുസ്‌ലിം പണ്ഡിതരും നേതാക്കളും അതിനെതിരെ പ്രതികരിക്കാൻ നിർബന്ധിതരായി. ഇസ്‌ലാഹി പ്രസ്ഥാനവും ജമാഅത്തെ ഇസ്‌ലാമിയും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളിലും ഇക്കാര്യം പ്രകടമാണ്.

അവശേഷിക്കുന്നതെന്ത്?

ജമാഅത്തെ ഇസ്‌ലാമിയുടെ കഴിഞ്ഞ കാലഘട്ടങ്ങളിലെ ആദർശങ്ങളും അവയിൽ വന്ന മാറ്റങ്ങളും ദർശിക്കുമ്പോൾ ചില കാര്യങ്ങൾ ബോദ്ധ്യമാകുന്നതാണ്. ആദ്യഘട്ടങ്ങളിൽ ഏതെല്ലാം കാര്യങ്ങൾ അടിസ്ഥാനപരവും മൗലികവുമായി അവർ കണ്ടിരുന്നുവോ അവയെല്ലാം പിൽക്കാലത്ത് കേവലം അഭിപ്രായങ്ങളും തിരുത്താവുന്ന തീരുമാനങ്ങളുമായി. ഇസ്‌ലാമികമല്ലാത്ത ഭരണവ്യവസ്ഥയും ഭരണഘടനയും ഒരു കാലത്ത് ശിർക്കിന്റെയും താഗൂത്തിന്റെയും സംഗമകേന്ദ്രമായിരുന്നു. പിന്നീട് ഇസ്‌ലാമികമല്ലാത്ത ഇന്ത്യൻ ഭരണഘടന ഇസ്‌ലാമിക വിരുദ്ധമല്ലാത്തതും അംഗീകരിക്കൽ ആവശ്യമായതുമായി. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന സ്വഭാവങ്ങളായ ജനാധിപത്യവും മതേതരത്വവും സോഷ്യലിസവും എല്ലാം അപ്പോൾ അവരുടെ ദൃഷ്ടിയിൽ അഭിലഷണീയങ്ങളും അഭികാമ്യങ്ങളുമായിത്തീർന്നിരിക്കുന്നു. അല്ലാഹുവിന്റെ നിയമമല്ലാത്ത കോടതികളും അനിസ്‌ലാമിക പാഠശാലകളും തിരഞ്ഞെടുപ്പും ഗവർമെണ്ടു ജോലിയുമെല്ലാം ഒരു കാലത്ത് താഗൂത്തിന്റെ സ്ഥാപനങ്ങളും അനനുവദനീയങ്ങളുമായിരുന്നുവെങ്കിൽ ഇന്നത് അനുവദനീയവും ഒരു വേള 'ഇഖാമത്തുദ്ദീനി'ന്റെ നിലനിൽപിനു തന്നെ ആവശ്യവുമായി ഭവിച്ചിരിക്കുന്നു.

ഈ ആദർശ തിരുത്തൽ കൊണ്ടുതന്നെയായിരിക്കണം ഒരു കാലത്ത് കോടതിയിൽ പോയി വിധി തേടാനും ഗവൺമെണ്ടു ജോലി സ്വീകരിക്കാനുമെല്ലാം അറപ്പും വെറുപ്പും കാണിച്ചിരുന്ന ജമാഅത്തുകാർ ഇന്ന് തങ്ങളുടെ പള്ളി പ്രശ്നങ്ങൾ മുതൽ ജീവിത വ്യവഹാരങ്ങൾ വരെ തീരുമാനിക്കാൻ കോടതിയിലെത്തുന്നതും അറബി അദ്ധ്യാപകജോലി മുതൽ സൈനികസേവനം വരെ നടത്താൻ തയ്യാറാവുകയും ചെയ്യുന്നത്. മാത്രമല്ല കാ

ശ്മീരിലെ പോലെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയും നിയമസഭകളിലും ലോകസഭയിലും കയറിപ്പറ്റാൻ അവസരം ലഭിക്കുകയാണെങ്കിൽ അതിനും ശ്രമിക്കാമെന്ന് അവർക്കാശയുണ്ട്. അങ്ങനെ കാശ്മീരിൽ ചെയ്തപോലെ ഇന്ത്യൻ ഭരണഘടനക്ക് വിധേയമായി പ്രവർത്തിച്ചുകൊള്ളാം എന്ന സത്യപ്രതിജ്ഞ അല്ലാഹുവിന്റെ നാമത്തിൽ ചെയ്യാനും അവർ തയ്യാറാണ്. അസംബ്ലികളിലേക്കും പാർലിമെൻറിലേക്കും മത്സരിച്ചു ജയിക്കാൻ സാദ്ധ്യമല്ലെങ്കിൽ ഗ്രാമപഞ്ചായത്തുകളിലെങ്കിലും ഒരു കൈ നോക്കാമെന്നവർക്കാഗ്രഹമുണ്ട്. അങ്ങനെ പഴയകാലത്ത് അടിസ്ഥാന ആദർശമാക്കിയിരുന്നവയെല്ലാം ഇന്ന് ജമാഅത്തെ ഇസ്ലാമി കളഞ്ഞു കുളിച്ചിരിക്കുന്നു.

ശാഖാപരം നിസ്സാരം!

ആദർശങ്ങൾ എന്നു പറഞ്ഞു നടന്നിരുന്നവയെല്ലാം തിരുത്തുകയും കേവലം പരിപാടികളാക്കുകയും ചെയ്തിരിക്കെ ഇനി ജമാഅത്തിന്റെ ആദർശം എന്തെന്ന ചോദ്യം അവശേഷിക്കുന്നു. മുജാഹിദുകൾ വലിയ പ്രശ്നമായി അവതരിപ്പിക്കുന്ന തൗഹീദ് പ്രചാരണവും ശിർക്ക് വിരുദ്ധ പ്രബോധനങ്ങളും എല്ലാം ഇന്നുവരേയും ശാഖാപരമായാണ് ജമാഅത്ത് വിശേഷിപ്പിച്ചിട്ടുള്ളത്. അവർ തമ്മിൽ ഭിന്നിപ്പുള്ള പ്രശ്നങ്ങൾ കേവലം വിരലിലെണ്ണാവുന്നതു മാത്രമാണ്. അവയിലധികവും താരതമ്യേന ശാഖാപരമാണുതാനും. മരിച്ചുപോയ മഹാന്മാരെ മുൻനിറുത്തി പ്രാർത്ഥിക്കുന്നത് തൗഹീദുമായി പൊരുത്തപ്പെടുമോ ഇല്ലയോ, നേർച്ചകളും മാല മൗലൂദുകളും കഴിക്കണമോ വേണ്ടയോ, സുബ്ഹ് നമസ്കാരത്തിൽ ഖുനൂത്ത് സുന്നത്ത് ഉണ്ടോ ഇല്ലേ, നമസ്കാരത്തിൽ കൈ മാറത്തോ മാറിനു താഴെയോ കെട്ടേണ്ടത് ഇതൊക്കെയാണ് മുസ്ലിം സമൂഹത്തെ ഭിന്നിപ്പിക്കുകയും പരസ്പരം കാഫിറാക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന പ്രശ്നങ്ങൾ എന്നത് ലജ്ജാവഹമായ വസ്തുതയത്രെ. (സമുദായ ഐക്യവും മുസ്ലിം സംഘടനകളും: ജ:ഇസ്ലാമി മലപ്പുറം ജില്ലാ സമിതി 1979ൽ പ്രസിദ്ധീകരിച്ചത് പേജ് 32)

'ദീനിൽ ഏത് നിലക്കും അഭിപ്രായ വ്യത്യാസങ്ങൾക്ക് പഴുതുള്ള മേൽ പ്രസ്താവിച്ചപോലുള്ള ചെറിയചെറിയ സംഗതികളുടെ പേരിൽ ഞങ്ങളുടെ കവാടം ആരുടെ മുമ്പിലും കൊട്ടിയടക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അത്തരം വാദകോലാഹലങ്ങളിൽ താല്പര്യം പ്രദർശിപ്പിക്കുക എന്നത് ഞങ്ങളുടെ സിദ്ധാന്തങ്ങൾ പരിഗണിച്ച് അനുയോജ്യമായി ഞങ്ങൾ പരിഗണിക്കുന്നില്ല' (ജ:ഇ: ലക്ഷ്യം പരിപാടി പേ: 54)

ഇങ്ങനെ നബിതിരുമേനി (സ)യും വിശ്വസ്താനുചരരും അങ്ങേയറ്റം ശപിക്കുകയും ഖുർആൻ അടിക്കടി ബഹുദൈവത്വമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്ത മരിച്ചുപോയ മഹന്മാരെ മുൻനിർത്തി പ്രാർത്ഥിക്കുന്നതും അവരുടെ പേരിലുള്ള മാലകളും മൗലൂദുകളുമെല്ലാം ഇസ്ലാമിസ്റ്റുകളുടെ കണ്ണുകളിൽ നിസ്സാരവും അപ്രസക്തവുമാണ്. പിശാചിന്റെ ദുർമന്ത്രങ്ങൾക്ക് വശംവദരായി സാധാരണക്കാർ അടിമപ്പെട്ടിരിക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നീക്കംചെയ്യാൻ ശ്രമിക്കുന്നത് അവരുടെ ദൃഷ്ടികളിൽ ലജ്ജാവഹമായ നികൃഷ്ടകർമ്മമാണ്. അജ്മീറിലും നാഗൂറിലും മമ്പുറത്തും പുത്തൻപള്ളിയിലും മറ്റും നടക്കുന്ന ശിർക്കിന്റെ വിളയാട്ടത്തിനെതിരെയും നാടുനീളെ നടക്കുന്ന ഓമാനൂർ ശുഹദാക്കൾ, വീരാൻ ഔലിയ തുടങ്ങിയവരുടെ പ്രീതിക്കു വേണ്ടിയുള്ള നേർച്ചകളും അവരുടെ ദൃഷ്ടികളിൽ അതിനിസ്സാരങ്ങളാണ്. അല്ലാഹുവിനു മാത്രമേ നേർച്ചവഴിപാടുകൾ നടത്താവൂ എന്നും അല്ലാഹു അല്ലാത്തവരുടെ പ്രീതി കാംക്ഷിച്ചു കൊണ്ടുള്ള ബലികർമ്മം ശപിക്കപ്പെട്ടതാണെന്നും തൗഹീദിനു വിരുദ്ധമാണെന്നും പ്രഖ്യാപിച്ച മുഹമ്മദ് നബി(സ)യുടെ വാക്കുകൾ അരിദ്രതയുണ്ടാക്കുന്നതും ലജ്ജാവഹവുമായി അവർ വിശേഷിപ്പിക്കുമോ എന്നു കണ്ടുതന്നെ അറിയണം. കഅ്ബയിൽ സ്ഥാപിക്കപ്പെട്ട ഇബ്രാഹീം നബി(സ) മുതലുള്ള പ്രവാചകരുടെയും സാലിഹീങ്ങളുടെയും പ്രതിമകളെ മുമ്പിൽ വെച്ച് അവയുടെ പിന്നിലുള്ള മഹാത്മാക്കളെ മുൻനിർത്തി അല്ലാഹുവിലേക്കുള്ള ശുപാർശക്കാരാക്കിയിരുന്ന ഖുറൈശികളുടെ പ്രവർത്തനങ്ങൾക്കെതിരെ ആജീവനാന്തം കഠിനാദ്ധ്വാനം ചെയ്ത നബി(സ)യുടെയും അനുയായികളുടെയും പ്രവർത്തനങ്ങൾ ശാഖാപരമാണോ? ഇത്തരം ചരിത്രസത്യങ്ങൾക്കൊന്നും ഇസ്ലാമിസ്റ്റ് തത്വസംഹിതയിൽ സ്ഥാനമില്ല. കാരണം അവയെല്ലാം 'അഭിനവ ഇസ്ലാമിക വ്യവസ്ഥക്കു' വേണ്ടിയുള്ള ശ്രമത്തിനു അനുകൂലമല്ലല്ലോ.

തങ്ങൾ പഴയകാലത്ത് പൊക്കിപ്പിടിച്ചിരുന്ന ആദർശങ്ങളെ സ്വയം തിരുത്തിക്കുറിച്ച് അവ മനുഷ്യകരങ്ങൾ കൊണ്ട് ഭേദഗതി ചെയ്യാവുന്നത്ര നിസ്സാരമാണെന്നു അവർ തന്നെ പ്രവർത്തനങ്ങളിലൂടെ സമ്മതിച്ചതായി നാം കണ്ടു. ഇസ്ലാമിന്റെ അടിസ്ഥാനാദർശങ്ങളാകട്ടെ അവ അവർ നേരത്തെത്തന്നെ ശാഖാപരമാക്കി തിരസ്കരിക്കയും ചെയ്തു. അങ്ങനെ ഇന്നത്തെ ജമാഅത്തെ ഇസ്ലാമി കടിച്ചതും പിടിച്ചതുമില്ലാത്ത ഒരാദർശരഹിത സംഘടനയായി യഥാർത്ഥത്തിൽ പരിണമിച്ചിരിക്കുന്നു. അതിലുപരിയായി ശൂറാ കമ്മിറ്റികൾ കൂടി ശിർക്കിനെ തൗഹീദാക്കുകയും ഹറാമിനെ പിന്നീട് ഹലാലാക്കുകയും ചെയ്തുകൊണ്ട് ക്രിസ്തീയ പുരോ

ഹിതന്മാരുടെയും അവരുടെ സുന്നഹദോസുകളുടെയും മാർഗ്ഗം ജമാഅ
ത്ത് അനുധാവനം ചെയ്യുകയും സ്വയം അല്ലാഹുവിന് പുറമെയുള്ള റബ്ബു
കളായി അവതരിക്കുകയും ചെയ്തിരിക്കുന്നു.

രാഷ്ട്രീയത്തിന്റെ തുരുപ്പുശീട്ട്

ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ അഗാധജ്ഞാനം നേടാത്ത സാധാ
രണക്കാരെ വശംവദരാക്കുവാനായി ഇതരമുസ്‌ലിം സംഘടനകൾക്കെതി
രെ ഇസ്‌ലാമിസ്റ്റുകൾ ഉപയോഗിക്കുന്ന ഒരുതുരുപ്പുശീട്ടാണ് ഇന്ത്യയി
ലെ രാഷ്ട്രീയ പ്രവർത്തനം. ഒരേ മുസ്‌ലിം സംഘടനയിലെത്തന്നെ പ്രവർ
ത്തകർ വിവിധ രാഷ്ട്രീയ സംഘടനകളിൽ പ്രവർത്തിക്കുന്നത് വിരോധാ
ഭാസമാണെന്നും പ്രസ്തുത മതസംഘടനയുടെ ആശയ പാപ്പരത്തമാണ
ത് കാണിക്കുന്നതെന്നും പൊതുജനങ്ങളെ ജമാഅത്തെ ഇസ്‌ലാമി തെറ്റി
ദ്ധരിപ്പിക്കാറുണ്ട്. പല മുസ്‌ലിംകളും ഈ വിഷയത്തെ സംബന്ധിച്ചേട
ത്തോളം അജ്ഞരുമാണ്. അതിനാൽ ഇന്ത്യയിലെ രാഷ്ട്രീയ പ്രവർത്തന
ത്തെക്കുറിച്ച് അൽപം വിശദീകരിക്കുന്നത് സന്ദർഭോചിതമായിരിക്കും.

ഇന്ത്യയിലെ രാഷ്ട്രീയ പ്രവർത്തനത്തെ വിശകലനം ചെയ്യുന്നതിനു
മുമ്പ് രാഷ്ട്രീയത്തിന് ഇസ്‌ലാം നൽകുന്ന സ്ഥാനം നാം ഗ്രഹിക്കേണ്ട
തുണ്ട്. വ്യാപാരം, കൃഷി, വ്യവസായം തുടങ്ങിയ ഭൗതിക കാര്യങ്ങൾക്കു
ള്ള സ്ഥാനം തന്നെയാണ് ഇസ്‌ലാമിൽ രാഷ്ട്രീയത്തിനുള്ളത്. അല്ലാതെ
തൗഹീദ്, നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങിയവക്കോ അവ
യുടെ ഘടകങ്ങൾക്കോ ഉള്ള പ്രാധാന്യം ഇസ്‌ലാമിൽ ഭരണത്തിനും രാ
ഷ്ട്രീയത്തിനുമില്ല. സമ്പത്തും പ്രചരണ മാദ്ധ്യമങ്ങളും സുലഭമായുണ്ടാ
കുന്നത് ഒരു വേള ഇസ്‌ലാമിക പ്രബോധനത്തിന്നു സഹായകമാകാമെ
ന്നപോലെ ഭരണവും രാഷ്ട്രീയ ശക്തിയുമുണ്ടാകുന്നതും ഇസ്‌ലാമിന്റെ
പ്രബോധനത്തിന്നു സഹായകമായേക്കാം. അവയെ ഉപയോഗപ്പെടുത്തു
ന്നത് സൂക്ഷ്മതയോടെയല്ലെങ്കിൽ അവ പ്രബോധകന്ന് വൈഷമ്യങ്ങളു
ണ്ടാക്കുകയും ചെയ്യും. അതിനാൽ സമ്പത്തില്ലാത്തവന്റെ ദീനും പ്രചരണ
സൗകര്യങ്ങൾ സുലഭമായി ലഭിക്കാത്തവന്റെ ദീനും ഭൂമിയിൽ സ്ഥാപി
ക്കപ്പെടാത്ത സാങ്കൽപിക വീടാകാത്തപോലെ ഭരണമില്ലാത്ത ദീനും സ്
ഥാപിക്കപ്പെടാത്ത സാങ്കൽപിക ഭവനമാവില്ല. ദീനും ദുൻയാവുമെന്ന അ
ദ്ധ്യായത്തിൽ ദീൻ കാര്യങ്ങളും ഭൗതിക കാര്യങ്ങളും തമ്മിലുള്ള വ്യത്യാ
സങ്ങൾ നാം വിവരിച്ചത് ഇത്തരുണത്തിൽ സ്മരണീയമാണ്.

രാഷ്ട്രീയവും ഇത്തരം ഭൗതിക കാര്യങ്ങളിൽ പെട്ടതാണ്. കച്ചവടത്തി
ലും കൃഷിയിലുമെന്നപോലെ മിക്കവാറെല്ലാ വിശദാംശങ്ങളും രാഷ്ട്രീയ

ത്തിലും ഇസ്‌ലാം മനുഷ്യന് വിട്ടു തന്നിരിക്കയാണ്. ജീവിതത്തിലെ പരി
വർത്തന വിധേയമല്ലാത്ത വൈയക്തിക കാര്യങ്ങളിലും വിവാഹം, മരണം
അനന്തരാവകാശം തുടങ്ങിയ മാറ്റത്തിന്ന് വിധേയമല്ലാത്ത സാമൂഹ്യകാ
ര്യങ്ങളിലും ഇസ്‌ലാമിന്ന് വ്യക്തമായ നിർദ്ദേശങ്ങളുണ്ട്. ഇതല്ലാത്ത രാഷ്
ട്രത്തിന്റെ സംവിധാനം, സമ്പത്തിന്റെ മേൽനോട്ടം അന്താരാഷ്ട്രീയ
ബന്ധങ്ങൾ ഇവകളെല്ലാം സത്യം നീതി തുടങ്ങിയ പൊതുനിർദ്ദേശങ്ങൾ
നല്കിക്കൊണ്ട് മനുഷ്യന്റെ യുക്തിക്കും ബുദ്ധിക്കും ഇസ്‌ലാം വിട്ടു ത
ന്നിരിക്കുന്നു. പരിശുദ്ധ ഖുർആനും നബി(സ)യുടെ ചര്യകൾക്കും നിർദ്ദേ
ശങ്ങൾക്കും വിരുദ്ധമാകാത്തവിധം ഓരോ മുസൽമാനും അവയിൽ സ്വന്ത
മായി തീരുമാനങ്ങൾ എടുക്കുകയോ പരസ്പരം കൂടിയാലോചിച്ച് തീരു
മാനിക്കുകയോ ചെയ്യാം. ഇത് ഇന്ന് ജമാഅത്തെ ഇസ്‌ലാമിപോലും അംഗീ
കരിക്കുന്ന യാഥാർത്ഥ്യമാണ്. 'അല്ലാഹു മനുഷ്യന് നൽകിയ മാർഗ്ഗനിർ
ദ്ദേശം സാമൂഹ്യജീവിതവും കുടുംബ കാര്യങ്ങളടക്കമുള്ള വൈയക്തിക
ജീവിതവും തമ്മിൽ വ്യത്യാസം കൽപിക്കുന്നുണ്ട്. രാഷ്ട്രത്തിന്റെ സംവി
ധാനം സമ്പത്തിന്റെ മേൽനോട്ടം തുടങ്ങിയ വശങ്ങളിൽ ദൈവികാജ്
ഞകൾ വിശദാംശങ്ങളിലേക്കു കടക്കാതെ ചില മൂല്യാദിവിന്ന്യാസങ്ങൾ
(Value of Orientations) നിർണ്ണയിക്കുകയേ ചെയ്യുന്നുള്ളു. ഖുർആനിലെയും
സുന്നത്തിലെയും സുവ്യക്തമായ ആജ്ഞകൾ പ്രത്യേകിച്ചും നിയമപ
രമായവ പ്രധാനമായി ബാധിക്കുന്നത് വ്യക്തിയെയും കുടുംബ ജീവിത
ത്തെയുമാണ്. ജീവിതത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന അവസ്ഥകൾക്ക്
വിധേയമല്ലാത്തതും മൂല്യാദിവിന്ന്യാസത്തിനു അനുപേക്ഷണീയവുമായ
സാമൂഹ്യ ജീവിത ഘടകങ്ങളെപ്പറ്റിയേ സുവ്യക്തമായ ദൈവിക നിർദ്ദേ
ശങ്ങളുള്ളൂ. ഇങ്ങിനെ ഇസ്‌ലാമിൽ ദൈവിക വെളിപാട് സാമൂഹ്യ ജീവി
തം ഒട്ടൊക്കെ മുഴുവനായും തന്നെ യുക്തിയുടെയും അനുഭവത്തിന്റെയും
വെളിച്ചത്തിൽ സംവിധാനിക്കപ്പെടുവാൻ അനുവദിക്കയാണ്' (ജ:ഇ. മതേ
തര ഭാരതത്തിൽ പേജ് : 16)

ഈ ഉദ്ധരണിയിലൂടെ ചിന്തിക്കുമ്പോൾ തന്നെ രാഷ്ട്രീയം ഒരു ദീനി
കാര്യമല്ലെന്നത് വ്യക്തമാണ്. കാരണം ദീൻകാര്യങ്ങൾ തീരുമാനിക്കാനു
ള്ള അവകാശം ഇസ്‌ലാം മനുഷ്യബുദ്ധിക്ക് വിട്ടു തന്നിട്ടില്ല എന്നതുതന്നെ.
മതപരമായ കാര്യങ്ങളെല്ലാം തന്നെ നബി(സ) മുസ്‌ലിംകളെ പഠിപ്പിക്കു
കയും അവ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അവയൊന്നും തന്നെ
തീരുമാനിക്കാനുള്ള അവകാശം മനുഷ്യന്റെ യുക്തിക്കോ ബുദ്ധിക്കോ
ഇസ്‌ലാം വിട്ടുകൊടുത്തിട്ടില്ലദീനിലെതാരതമ്യേനസാരമില്ലാത്തതെന്നു
ചിലർ പറയാറുള്ള ഖുനൂതും കൈകെട്ടുപോലും യുക്തിയുടെ തീരുമാ

നാനുസാരം സ്വീകരിക്കാവതല്ല. എന്നാൽ രാഷ്ട്രീയം ഇസ്‌ലാം മനുഷ്യ ബുദ്ധിക്ക് വിട്ടു തന്നിരിക്കുന്നു. അതൊരു ദീൻ കാര്യമായിരുന്നുവെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നില്ല.

രാഷ്ട്രീയത്തിലെ വളരെ പ്രധാനമായ ഭരണത്തിന്റെ സ്വഭാവം, തിരഞ്ഞെടുപ്പ് സമ്പ്രദായം എന്നിവയിൽ പോലും ഇസ്‌ലാമിന്നു സുവ്യക്തമായ നിർദ്ദേശങ്ങളില്ല. കാരണം അവ സ്ഥലകാല ഭേദങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെടുന്നവയാണ്. ദാവൂദ് നബി(അ)നുശേഷം ഭരണം ഏറ്റെടുത്ത സുലൈമാൻ നബി(അ)നെക്കുറിച്ച് സുലൈമാൻ ദാവൂദിനെ അനന്തരമെടുത്തു എന്നു ഖുർആൻ വിശേഷിപ്പിക്കയുണ്ടായി. അങ്ങനെ നീതി പൂർവ്വകമാണെങ്കിൽ രാജഭരണവും പിൻതുടർച്ചാവകാശവും തെറ്റായിരുന്നില്ലെന്നു അല്ലാഹു അംഗീകരിച്ചു. മുഹമ്മദ്(സ)ക്കുശേഷം നാലു ഖലീഫമാരെ തിരഞ്ഞെടുത്തത് വ്യത്യസ്ത സ്വഭാവങ്ങളിലായിരുന്നു. മദീന നിവാസികളായിരുന്നു അബൂബക്കർ(റ)വിനെ തിരഞ്ഞെടുത്തതെങ്കിൽ അദ്ദേഹത്തിന്റെ കാലശേഷം അധികാരമേറ്റെടുത്ത ഉമർ(റ) അബൂബക്കർ(റ)വിന്റെ നിർദ്ദേശാനുസാരമായിരുന്നു ഭരണരംഗത്തേക്ക് പ്രവേശിച്ചത്. ഖലീഫ നിശ്ചയിച്ച ആറംഗസമിതിയുടെ ഭൂരിപക്ഷാഭിപ്രായമനുസരിച്ചായിരുന്നു ഉസ്മാൻ(റ)വിന്റെ തിരഞ്ഞെടുപ്പ്. അലി(റ)വാകട്ടെ മദീനാ നിവാസികളായിരുന്നു അദ്ദേഹത്തെ ഇസ്‌ലാമിക ലോകത്തിന്റെ നേതൃത്വത്തിലേക്ക് ഉയർത്തിയത്. അങ്ങനെ ഖുലഫാഉർറാശിദീങ്ങളെപ്പോലും വിവിധ രൂപത്തിൽ തിരഞ്ഞെടുത്തുവെന്നത് ഇസ്‌ലാമിൽ ഖലീഫയെ തിരഞ്ഞെടുക്കുകയെന്ന രാഷ്ട്രീയത്തിലെ അടിസ്ഥാന കാര്യത്തിൽ പോലും ഒരു അലംഘനീയ സമ്പ്രദായമില്ലെന്നതിനു തെളിവാണ്. അതെല്ലാം സന്ദർഭോചിതമായി തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ഇസ്‌ലാം മനുഷ്യ ബുദ്ധിക്കു നൽകിയിരിക്കുന്നു.

ഖുലഫാക്കളുടെ ശേഷം സിറിയക്കാരുടെ പിന്തുണയോടെ ഭരണമേറ്റെടുത്ത മുആവിയ(റ) രാജാധിപത്യത്തിന്നു തുടക്കം കുറിച്ചത് വിമർശന വിധേയമായെങ്കിലും മതദൃഷ്ടിയിൽ ഒരു പാപമായിരുന്നുവെന്നു പറയാവതല്ല. അദ്ദേഹത്തെ ശിയാക്കളൊഴികെയുള്ള മുസ്‌ലിംകൾ എല്ലാം തന്നെ നബി(സ)യുടെ ഒരു സഹാബിയായി പരിഗണിക്കുന്നുവെന്നതു തന്നെ അതിനു ദൃഷ്ടാന്തമാണ്. അപ്രകാരം തന്നെ അമവിയ്യാ ഭരണകൂടത്തിലെ വെള്ളിനക്ഷത്രമായിരുന്ന ഉമർബിൻ അബ്ദിൽ അസീസ്(റ) തന്റെ മുൻഗാമിയായ സുലൈമാൻ എന്ന ഭരണാധികാരിയുടെ പിന്തുടർച്ചക്കാരനായിട്ടാണ് അധികാരമേറ്റത്.മാത്രമല്ല മുൻകാല ഭരണാധികാരികളുടെ അഴിമതികളെല്ലാം പൊളിച്ചുകളയുകയും രാജകുടുംബത്തിന്റെ സ്വത്ത് കണ്ടുകെട്ടുകയും ചെയ്ത അദ്ദേഹം തന്റെ മുൻഗാമിയായ സുലൈമാൻ തനിക്ക് ശേഷം പിന്തുടർച്ചാവകാശിയായി പ്രഖ്യാപിച്ച യസീദുബിൻ അബ്ദിൽ മലികിന്റെ കിരീടാവകാശത്തെ ദുർബ്ബലപ്പെടുത്താൻ ധൃതികാണിച്ചില്ല. ഈ സംഭവങ്ങളെല്ലാം തന്നെ ഭരണാധികാരിയെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥയും ഭരണ സംവിധാനവും ഇസ്‌ലാമിക ദൃഷ്ട്യാ ഉള്ള ഒരുആനക്കാര്യമല്ലെന്നു വ്യക്തമാക്കുന്നു. എന്തിനധികം ഇലക്ഷനിൽ വോട്ടു ചെയ്യുന്ന കാര്യം ജമാഅത്തെ ഇസ്‌ലാമി തന്നെയും ശൂറാക്കമ്മിറ്റി അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം തീരുമാനിക്കുകയുണ്ടായത് നാം വിവരിക്കുകയുണ്ടായി. (അവർ ഹറാമിനെ ഹലാലാക്കിയത് മറ്റൊരു പ്രശ്നം) അത് ഒരു ദീൻ കാര്യമായിരുന്നുവെങ്കിൽ അങ്ങനെ ചെയ്തു കൂടെന്നത് സുവ്യക്തമല്ലേ. നമസ്കാരം നോമ്പ് ഇവയൊന്നും തന്നെ ആരും വോട്ടിനിട്ടു തീരുമാനിക്കാറില്ലല്ലോ. എന്തിനധികം അംഗശുദ്ധി വരുത്തുമ്പോൾ തലതടവുന്നത് ഇരുപത്തിനാലിനെതിരെ മുപ്പത്തിരണ്ടു വോട്ടിനിട്ടു ഒരു പ്രാവശ്യമായി തീരുമാനിച്ചുവെന്നു പ്രഖ്യാപിക്കാമോ! അല്ലെങ്കിൽ മൂന്നു പ്രാവശ്യമെന്നു തീരുമാനിക്കാമോ?

രാഷ്ട്രീയം ഒരു ഭൗതിക കാര്യമാണെന്ന് നാം ഗ്രഹിച്ചു കഴിഞ്ഞുവല്ലോ. ഇനി നമുക്ക് ഇന്ത്യയിലെ രാഷ്ട്രീയ പ്രവർത്തനം വിലയിരുത്താം. ഇന്ത്യയിലെ രാഷ്ട്രീയ പ്രവർത്തനങ്ങളെല്ലാം തന്നെ ഇന്ത്യൻ ഭരണഘടനയുടെ നിയമങ്ങൾക്കു വിധേയമായിരിക്കും. ഇന്ത്യൻ ഭരണഘടനയും ജമാഅത്തും എന്ന അദ്ധ്യായത്തിൽ ഇപ്പോൾ ജമാഅത്തെ ഇസ്‌ലാമിയും ഇന്ത്യൻ ഭരണഘടനയെ അംഗീകരിക്കുന്നുവെന്ന് നാം ഗ്രഹിച്ചുവല്ലോ. കൂടാതെ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന സ്വഭാവങ്ങളായ ജനാധിപത്യം, മതേതരത്വം സോഷ്യലിസം ഇവയൊന്നും ഇസ്‌ലാമിക വിരുദ്ധമല്ലെന്നും നാം പ്രസ്തുത അദ്ധ്യായത്തിൽ ഇസ്‌ലാമിസ്റ്റ് സാഹിത്യങ്ങളിലൂടെത്തന്നെ തെളിയിക്കുകയുണ്ടായി.

ഇന്ത്യയിലെ മതേതരത്തമെന്നത് റഷ്യയിലെയോ ചൈനയിലെയോ പോലെ മതനിഷേധമല്ല. മറിച്ച് ഇന്ത്യാരാഷ്ട്രം ഏതെങ്കിലുമൊരു മതത്തോടു പ്രത്യേകമായി ബാധ്യസ്ഥമല്ല. പൗരന്മാർക്ക് ഇഷ്ടമുള്ള മതം സ്വീകരിക്കാവുന്നതാണ്. മതാടിസ്ഥാനത്തിൽ പൗരന്മാർക്കിടയിൽ വിവേചനം ഉണ്ടാവില്ല. ഇതാണ് മതേതരത്വത്തിന്റെ ഇന്ത്യൻ കാഴ്ചപ്പാട് . ഈ വീക്ഷണത്തിലുള്ള മതേതരത്വം ഇസ്‌ലാമിനെതിരല്ല. അതുകൊണ്ടുതന്നെ മൂക്കിന്നപ്പുറം കാണാൻ കഴിയാത്ത ജമാഅത്തെ ഇസ്‌ലാമി ഒഴികെയുള്ള സംഘടനകൾ തുടക്കം മുതലേ ഈ മതേതരത്വത്തെ അനുകൂലിച്ചിരുന്നു. 1970 നോടടുത്ത കാലങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിയും ഇതംഗീകരിക്കുക

യുണ്ടായി. (ജമാഅത്തെ ഇസ്‌ലാമി മതേതര ഭാരതത്തിൽ: ഇന്ത്യൻ ജമാ
അത്തെ ഇസ്‌ലാമി എന്ത് എന്തല്ല, 1970 ആഗസ്തിലെ ശൂറാ തീരുമാനങ്ങ
ൾ തുടങ്ങിയവ പരിശോധിക്കുക. ഈ പുസ്തകത്തിലെ ഇന്ത്യൻ ഭരണ
ഘടനയും ജമാഅത്തും എന്ന അദ്ധ്യായത്തിൽ ഇത് വിവരിച്ചിട്ടുണ്ട്).

ഇന്ത്യൻ ഭരണഘടനയുടെ മറ്റൊരു തത്വമായ ജനാധിപത്യവും ഇസ്
ലാമിക വിരുദ്ധമല്ല. തെരഞ്ഞെടുക്കുന്ന പ്രതിനിധികൾക്ക് മതകാര്യങ്ങളി
ൽ തീരുമാനമെടുക്കാനുള്ള അവകാശമുണ്ടെന്നു ഒരിന്ത്യൻ പൗരനും വി
ശ്വസിക്കുന്നില്ലെന്നതാണ് ഇതിനു കാരണം. നിയമസഭയുടെയും പാർല
മെൻറിൻെറയു തീരുമാനം മതനിയമമായി ഒരു മതവും അംഗീകരിക്കുന്നി
ല്ല. പ്രത്യുത ഭൗതിക കാര്യങ്ങളിൽ നിയമങ്ങളുണ്ടാക്കുവാനാണ് പാർലി
മെൻറിലേക്കും അസംബ്ലിയിലേക്കും നാം ജനപ്രതിനിധികളെ തിരഞ്ഞെടു
ക്കുന്നത്. റോഡ്. ആശുപത്രി, പാഠശാല തുടങ്ങിയവ നിർമ്മിക്കുവാനും
വിദേശകാര്യം, ആഭ്യന്തരം, ധനകാര്യം, തുടങ്ങിയവ നിയന്ത്രിക്കുവാനുമാ
ണ് നാം അവരെ നിയോഗിക്കുന്നത്. അല്ലാതെ നമസ്കാരം, നോമ്പ്, സ
കാത്ത്. ഹജ്ജ് ഇവ വോട്ടിനിട്ട് തീരുമാനിക്കാനല്ല. ക്രിസ്തീയ സുന്നഹ
ദോസുകളെപ്പോലും ജമാഅത്ത് ശൂറാ കമ്മിറ്റിയെപ്പോലെയും ഹലാലും
ഹറാമും ഓരോ സന്ദർഭത്തിൽ തീരുമാനിക്കാനുള്ള അവകാശവും അസം
ബ്ലികളിലെയും, പാർലിമെൻറിലെയും പ്രതിനിധികൾക്കില്ല. ഒരു അസം
ബ്ലി കശുവണ്ടിയുടെ സ്വകാര്യകച്ചവടം നിരോധിച്ചാൽ അതിനാൽ കശു
വണ്ടിക്കച്ചവടം മതത്തിലോ ഇസ്‌ലാമിക ശരീഅത്തിലോ ഹറാമായി എ
ന്നു ഒരു മുസ്‌ലിമും വിശ്വസിക്കുന്നില്ല. അതുപോലെ മദ്യനിരോധം ഒരു
സ്റ്റേറ്റിൽ നിന്നു എടുത്തുകളഞ്ഞാൽ കള്ളുകുടി ഹലാലായെന്നും ഒരാ
ളും കരുതുന്നില്ല. ഇതിൽ നിന്നു പാർലിമെൻറിനോ അസംബ്ലിക്കോ ദീൻ
കാര്യം തീരുമാനിക്കാനുള്ള ദിവ്യത്വം നാം കൽപിക്കുന്നില്ലെന്നത് സ്പഷ്ട
മാണ്. മതവിരുദ്ധമല്ലാത്ത നിയമങ്ങൾ ജനപ്രതിനിധികൾ നിർദ്ദേശിച്ചാൽ
മാത്രമേ അനുസരിക്കാൻ നാം ബാധ്യസ്ഥരാവുകയുള്ളൂ. ഇന്ത്യൻ മതേ
തരത്വം തന്നെ നമ്മോട് അത്രയേ ആവശ്യപ്പെടുന്നുമുള്ളൂ. അതുകൊണ്ടു
തന്നെ ഭാരതത്തിലെ ജനാധിപത്യം ഇസ്‌ലാമിക വിരുദ്ധമല്ല.

ഇന്ത്യയിലെ സോഷ്യലിസം വിചിന്തന വിധേയമാക്കിയാലും അത് ഇ
സ്‌ലാമിന്നെതിരല്ലെന്നു കാണാൻ സാധിക്കും. കാരണം സോവ്യറ്റ് റഷ്യ
യിലെയോ, ചൈനയിലെയോപോലെ മതവിരുദ്ധമല്ല ഇന്ത്യൻ സമത്വ സി
ദ്ധാന്തം (SOCIALISM). പ്രസ്തുത എല്ലാ പൗരന്മാർക്കും തുല്യമായ സാമ്പ
ത്തികാവസരവും സാമൂഹ്യനീതിയും മാത്രമാണ് നമ്മുടെ ഭരണഘടന
വിഭാവനം ചെയ്യുന്ന സോഷ്യലിസം. ഇസ്‌ലാമും ഈ തത്വങ്ങളെ അംഗീ

കരിക്കുന്നു. അതുകൊണ്ടുതന്നെ മുസ്‌ലിം സംഘടനകളും ഇതിനു എതി
രല്ല. (ജമാഅത്തെ ഇസ്‌ലാമി തന്നെയും ഇപ്പോൾ ഇതംഗീകരിക്കുന്നു
ണ്ടെന്ന് ജമാഅത്തും ഭരണഘടനയും എന്ന അദ്ധ്യായത്തിൽ നാം വ്യക്
തമാക്കിയല്ലോ)

ഇതിൽ നിന്നും ഇന്ത്യൻ ഭരണഘടനയുടെ പ്രധാന സ്വഭാവങ്ങളെല്ലാം
ഇസ്‌ലാമിനോട് വിയോജിക്കുന്നതല്ലെന്നു കാണാവുന്നതാണ്. 'ഇങ്ങിനെ
ഇന്ത്യൻ സമൂഹത്തിൻെറ മുഖ്യലക്ഷ്യങ്ങൾ - സാമൂഹ്യനീതിയോടു കൂടെ
യുള്ള സാമ്പത്തികപുരോഗതി, ജനാധിപത്യ വ്യവസ്ഥയിലുള്ള സ്വാത
ന്ത്ര്യം, മനുഷ്യൻെറ സർവ ലൗകിക സാഹോദര്യവും സമത്വവും - ജമാ
അത്തിൻെറ ലക്ഷ്യങ്ങളോട് പൊരുത്തപ്പെട്ടു പോകുന്നു' (ജ:ഇ: മതേതര
ഭാരതത്തിൽ പേജ് 23) എന്ന പ്രസ്താവന ശ്രദ്ധേയമാണ്.

ഇസ്‌ലാമിനു വിരുദ്ധമല്ലാത്ത ഇന്ത്യൻ ഭരണഘടനയുടെ മുഖ്യതത്വ
ങ്ങളിലേക്കെത്തിച്ചേരുന്നവയാണ് ഭരണഘടനയിലെ ഇതര നിർദ്ദേശങ്ങ
ൾ. ഈ ഭരണഘടനക്ക് വിധേയമായി പ്രവർത്തിക്കുകയും പ്രവർത്തന
ത്തിന് ഉറപ്പ് നൽകുകയും ചെയ്യുന്നതാണ് ഇന്ത്യൻ കോടതികൾ. ഭരണഘ
ടനാ വിധേയമായി പ്രവർത്തിക്കുന്നവയാണ് ഇന്ത്യയിലെ പാർലമെൻറും
അസംബ്ലികളും. അതിനാൽ ഇവയൊന്നും തന്നെ ഇസ്‌ലാമിക വിരുദ്ധങ്ങ
ളോ താഗൂത്തിപരമായവയോ അല്ല. കോടതികളിലെ ജഡ്ജിമാരും അസം
ബ്ലി പാർലമെൻറ് തുടങ്ങിയവയിലെ പ്രതിനിധികളുമെല്ലാം ഭരണഘടനക്ക്
വിധേയമായി പ്രവർത്തിക്കേണ്ടവരും അപ്രകാരം പ്രവർത്തിക്കാമെന്ന് പ്ര
തിജ്ഞ എടുക്കുന്നവരുമാണ്. അതിനാൽ ഒരു മുസ്‌ലിമിന് ഇന്ത്യൻ കോ
ടതികളുടെ ജഡ്ജി ആവുകയോ അസംബ്ലി, പാർലമെൻറ് മെമ്പറാവുക
യോ ചെയ്യാവുന്നതാണ്. അതവൻെറ മതത്തിൻെറ ആദർശത്തിന്ന് ഒരി
ക്കലും വിരുദ്ധമാവില്ല.

ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും തന്നെ ഇന്ത്യൻഭരണഘട
നക്കു വിധേയമായി പ്രവർത്തിക്കുന്നവയാണ്. എന്നാൽ അവയിൽ ചിലത്
ഭരണഘടനയുടെ തത്വങ്ങളെ അടിസ്ഥാനപരമായി അംഗീകരിക്കാത്തവ
യും അതിന്നു വിരുദ്ധമായ ലക്ഷ്യങ്ങളും തത്വങ്ങളും വെച്ചു പുലർത്തുക
യും ചെയ്യുന്നവയാണ്. കമ്യൂണിസ്റ്റ് പാർട്ടികൾ ഇതിന്ന് ഒരു ഉദാഹരണമാ
ണ്. അവ ഇന്ത്യൻ ഭരണഘടനക്ക് വിധേയമായി പ്രവർത്തിക്കുന്നുണ്ടെങ്കി
ലും ഇന്ത്യൻ ഭരണഘടനയുടെ ആശയാദർശങ്ങൾക്കു യോജിക്കാത്ത ത
ത്വങ്ങളും ആശയങ്ങളും വെച്ചുപുലർത്തുന്നവയാണ്. ഇസ്‌ലാമിനോട്
വിരുദ്ധമല്ലാത്ത ഇന്ത്യൻ ഭരണഘടനയുടെ തത്വങ്ങൾക്കു പകരം ഒരു മ
തവും അംഗീകരിക്കാത്ത കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് ശൈലിയിലുള്ള

വർഗാധിപത്യത്തിന്നും മതനിഷേധത്തിലധിഷ്ഠിതമായ മതേതര സോഷ്യലിസ്റ്റ് ചിന്താഗതികളും അവ പ്രചരിപ്പിക്കുന്നു. അതുമൂലം ഇത്തരം രാഷ്ട്രീയ പാർട്ടികളുടെ ലക്ഷ്യ സാക്ഷാൽക്കാരത്തിന്നു വേണ്ടി ഒരു മുസൽമാന് പ്രവർത്തിക്കാവതല്ല. ഇതു തന്നെയാണ് ഹിന്ദുരാഷ്ട്രവാദികളും ഹൈന്ദവ സംസ്കാരം ഇതരരിൽ കൂടി അടിച്ചേൽപിക്കാൻ ശ്രമിക്കുന്നവരുമായ ചില രാഷ്ട്രീയ പാർട്ടികളോടുള്ള ഇസ്ലാമിന്റെ നയം. എന്നാൽ ഇന്ത്യൻ ഭരണഘടനക്കു വിധേയമായി പ്രവർത്തിക്കുക മാത്രമല്ല ഭരണഘടനയുടെ തത്വങ്ങൾ കൂടി അംഗീകരിക്കുകയും തദനുസാരം പ്രവർത്തിക്കുകയും ചെയ്യുന്ന സംഘടനകൾ ഇസ്ലാമിക വിരുദ്ധമല്ല. എല്ലാവരുടെയും താല്പര്യങ്ങൾക്കു തുല്യപ്രാധന്യം നൽകുന്ന കോൺഗ്രസ്സ്, ജനതാപാർട്ടി, തുടങ്ങിയവയും മുസ്ലിംകളുടെ അവകാശ സംരക്ഷണത്തിന്ന് കൂടുതൽ ഊന്നൽ നൽകുന്ന മുസ്ലിംലീഗുകളുമെല്ലാം ഈ ഗണത്തിൽ പെടുന്നു. ഇവയിൽ പ്രവർത്തിക്കൽ ഒരു മുസൽമാന് അനുവദനീയമാണ്. മാത്രമല്ല തന്റെ മതത്തിന്റെ സ്വാതന്ത്ര്യം നിലനിർത്തുക, ദേശത്തിന്റെയും മുസ്ലിംകളുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുക തുടങ്ങിയ സദുദ്ദേശങ്ങൾ അയാൾക്കുണ്ടെങ്കിൽ പ്രസ്തുത രാഷ്ട്രീയ പ്രവർത്തനം ഒരു സൽകർമ്മം കൂടിയായിത്തീരും.

മതം അനുവദിക്കുന്ന ഇത്തരം രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിന്നു മുസ്ലിംകൾ പൂർണ്ണമായുംഒഴിഞ്ഞു നിൽക്കുന്നത് ചിലപ്പോൾ അപകടം വിളിച്ചു വരുത്തിവെച്ചേക്കും. മുസ്ലിംകൾ സ്വന്തമായി സംഘടിക്കുകയോ മറ്റുള്ളവരോട് സഹകരിച്ചോ രാഷ്ട്രീയ പ്രവർത്തനം നടത്തേണ്ടതാണ്. അല്ലാത്തപക്ഷം മത വിരുദ്ധരോ മുസ്ലിംവിരുദ്ധരോ നമ്മുടെ രാഷ്ട്രത്തിന്റെ നേതൃത്വം തട്ടിയെടുക്കാനിടയുണ്ട്. അങ്ങിനെ സംഭവിച്ചാൽ (സംഭവിക്കാതിരിക്കട്ടെ) നമ്മുടെ മതപ്രചരണ സ്വാതന്ത്ര്യത്തിനത് തടസ്സം സൃഷ്ടിക്കുകയും തദ്വാരാ ഭയാനകമായ ഒരവസ്ഥയിലേക്ക് നാം ആപതിക്കുകയും ചെയ്യും. മതവിരുദ്ധശക്തികൾ ഭരണനേതൃത്വം കയ്യാളുന്ന പല രാഷ്ട്രങ്ങളിലും മുസ്ലിംകൾ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങൾ നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. അതിനാൽ ഓരോ സന്ദർഭത്തിനൊത്ത് നാം ഉണർന്നു പ്രവർത്തിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. ദീർഘവീക്ഷണവും വിശാല മനസ്കതയുമുള്ള ഏതൊരാൾക്കും ഇപ്പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കാതിരിക്കാൻ കഴിയില്ല.

ചില സംശയങ്ങൾ

ചോദ്യം: ഇസ്ലാമിലെ ശിക്ഷാനിയമങ്ങൾ നമ്മുടെ കോടതികൾ അംഗീകരിക്കുന്നില്ലല്ലോ? അതിനാൽ അവയിൽ നിന്നു വിധി തേടുന്നത് തെറ്റല്ലേ?

ഉത്തരം: സാധാരണ പലരും ചോദിക്കാറുള്ള ഒരു സംശയമാണിത്. ഇതിനെക്കുറിച്ച് നാം ആദ്യമായി ഗ്രഹിക്കേണ്ടത് ഇസ്ലാമിലെ ശിക്ഷാനിയമങ്ങൾ ഒരുഇസ്ലാമിക സമൂഹത്തിൽ മാത്രമേ നടപ്പിൽ വരുത്താവൂ എന്നതാണ്. മാത്രമല്ല പാരത്രിക വിശ്വാസത്തിൽ അധിഷ്ഠിതമല്ലാത്ത ഒരു ജനതയിൽ അവ പ്രായോഗികങ്ങളുമല്ല. ഒരു രാഷ്ട്രത്തിലെ ബഹുഭൂരിപക്ഷവും യഥാർത്ഥ മുസ്ലിംകളാവുകയും തദ്വാരാ ഇസ്ലാമികമായൊരു സമൂഹം നിലവിൽ വരികയും കുറ്റകൃത്യങ്ങൾ ദൈവഭയം ഒന്നുകൊണ്ടു മാത്രം ഉപേക്ഷിക്കപ്പെടുകയും കുറ്റകൃത്യങ്ങൾക്കുള്ള സാമൂഹ്യ സാഹചര്യങ്ങൾ നീക്കം ചെയ്യപ്പെടുകയും ചെയ്ത ശേഷം മാത്രം ചെയ്യുന്ന കുറ്റകൃത്യങ്ങളേ ഇസ്ലാം ശിക്ഷാവിധേയമാക്കുന്നുള്ളൂ. അല്ലാതെ ബഹുഭൂരിഭാഗവും അമുസ്ലിംകളായിരിക്കുകയും കുറ്റകൃത്യങ്ങൾക്കുള്ള സാഹചര്യം ധാരാളമുണ്ടായിരിക്കുകയും ചെയ്യുമ്പോൾ ഇസ്ലാമിക ശിക്ഷകൾ നടപ്പാക്കാവതല്ല. അപ്പോൾ സാഹചര്യം പ്രതികൂലമായിരിക്കേ കുറ്റം ചെയ്തവർക്ക് ഇസ്ലാമിലെ ശിക്ഷാനിയമം ബാധകമല്ലെന്നു വന്നു. ഉമർ(റ) ന്റെ കാലഘട്ടത്തിൽ ഏതാനും അടിമകൾ ഒരു ഒട്ടകത്തെ വിശപ്പ് നിമിത്തം മോഷ്ടിച്ച് ഭക്ഷിക്കുകയുണ്ടായി. ഈ കേസിൽ അടിമകളെ ശിക്ഷിക്കാൻ ഉമർ(റ) മുതിർന്നില്ല. അടിമകളുടെ യജമാനനോട് മോഷ്ടിക്കപ്പെട്ട ഒട്ടകത്തിന്റെ ഉടമസ്ഥന് അതിന്റെ വില നൽകാൻ നിർദ്ദേശിക്കയാണ് ചെയ്തത്.

പിന്നീട് ഇന്ത്യയിലെ കോടതികളോട് വിധിതേടാമോ എന്ന പ്രശ്നം അവശേഷിക്കുന്നു. ഇസ്ലാമിക വിരുദ്ധമല്ലെന്നു നാം സ്ഥാപിച്ച ഇന്ത്യൻ ഭരണഘടനയനുസരിച്ചാണ് ഇന്ത്യൻ കോടതികൾ നിയമങ്ങളെ വ്യാഖ്യാനിക്കുന്നത്. തന്മൂലം പ്രസ്തുത വിധികളും ഇസ്ലാമിക വിരുദ്ധമാവില്ല.

ചോദ്യം: ഇന്ത്യയിൽ ഇസ്ലാമിക ഭരണത്തിന്നുവേണ്ടി പ്രവർത്തിക്കേണ്ടതുണ്ടോ?

ഉത്തരം: ഇന്നത്തെ സാഹചര്യത്തിൽ ഇന്ത്യയിൽ ഇസ്ലാമിക ഭരണത്തിന്നു വേണ്ടി പ്രവർത്തിക്കേണ്ടതില്ല. കാരണം ഇസ്ലാമിക ഭരണമെന്നത് ബഹുഭൂരിപക്ഷം ജനങ്ങളും തൗഹീദാധിഷ്ഠിത ജീവിതം നയിക്കുമ്പോൾ അവർക്കു ലഭിക്കുന്ന ദൈവീകാനുഗ്രഹമാണ്. ഇന്ത്യയിൽ വളരെ ചെറിയ ഒരു ന്യൂനപക്ഷം മാത്രമേ ഏകദൈവ വിശ്വാസികളായുള്ളൂ. അതിനാൽ നമ്മുടെ കർത്തവ്യം ഇതര സഹോദരങ്ങളെക്കൂടി പരലോക വിജയത്തെ മുൻനിർത്തിക്കൊണ്ട് ഏകദൈവവിശ്വാസത്തിലേക്ക് ക്ഷണിക്കലാണ്. ഓരോ കാര്യത്തിനും അവക്കുള്ള പ്രാധാന്യവും സ്ഥാനവും നാം കൽപിക്കേണ്ടിയിരിക്കുന്നു ഇസ്ലാമിക ദൃഷ്ട്യാ രാഷ്ട്രീയവും ഭര

ണവും വലിയ പ്രാധാന്യമില്ലാത്തപ്രശ്നങ്ങളാണ്. എന്നാൽ തൗഹീദ് അടിസ്ഥാന കാര്യമാണ്. ഈ തൗഹീദിനെ ശാഖാപരമാക്കുകയും രാഷ്ട്രീയത്തിന്നു പിറകിൽ സ്ഥാനം നൽകുകയും ചെയ്യുന്ന സ്വഭാവം ഇസ്ലാമികമല്ല. അത് തല മറന്നു എണ്ണ തേക്കുന്നതുപോലെയും രോഗം ഗ്രഹിക്കാതെ ചികിത്സിക്കുന്നതു പോലെയും നിരർത്ഥകമായിരിക്കും.

ഐക്യത്തോടെ മുന്നോട്ട്

ഇസ്ലാം ശാന്തിയുടെയും സമാധാനത്തിന്റെയും, ഐക്യത്തിന്റെയും, സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും മതമാണ്. പ്രപഞ്ചം ഒന്നടങ്കം ഒരേകകമാണെന്നും മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ സന്തതികളാണെന്നും ഇസ്ലാം സിദ്ധാന്തിക്കുന്നു. വർഗ്ഗവർണ്ണഭാഷാദേശവിവേചനം ഇസ്ലാമിലില്ല. ജനങ്ങളെല്ലാം ഒരേ രക്ഷിതാവിന്റെ അടിമകളും ദാസന്മാരുമാണ്.

وان هذه امتكم امة واحدة وانا ربكم فاتقون (المؤمنون ٥٢)

'നിശ്ചയമായും ഇതാകുന്നു നിങ്ങളുടെ സമൂഹം. ഏക സമൂഹം. ഞാൻ നിങ്ങളുടെ രക്ഷിതാവും. അതുകൊണ്ട് നിങ്ങൾ എന്നെ സൂക്ഷിക്കുക' (മുഅ്മിനൂൻ)

മനുഷ്യരെല്ലാം ഒരേയൊരു സമുദായവും അല്ലാഹു അവരുടെ നാഥനുമാണ്. അതിനാൽ മനുഷ്യർ സഹോദരന്മാരായി വർത്തിക്കണം. അല്ലാഹുവിന്റെ ആജ്ഞകൾ അവർ അംഗീകരിക്കണം. ലോകാരംഭം മുതലുള്ള പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്ത ഏകദൈവവിശ്വാസം അതിന്റെ പൂർണ്ണമായ രൂപത്തിൽ മാനവകുലം ഒന്നടങ്കം അംഗീകരിക്കുകയും തദനുസാരം പ്രവർത്തിക്കുകയും ചെയ്യണം. അല്ലാഹുവിനെ മാത്രം പ്രപഞ്ചത്തിന്റെ രക്ഷിതാവും അധികാരിയും ആരാധ്യനുമായി അവൻ വിശ്വസിക്കണം. എല്ലാ പ്രാർത്ഥനകളും ഇരവുകളും തേട്ടങ്ങളും ഭക്തി ബഹുമാനങ്ങളും നേർച്ചകളും അവന്നു മാത്രം അർപ്പിക്കണം. അവനല്ലാത്ത ഒരു വ്യക്തിക്കോ വസ്തുവിനോ ദിവ്യത്വം കൽപിക്കുകയോ അവനോടല്ലാതെ പ്രാർഥിക്കുകയോ അരുത്. സർവ്വജ്ഞനും സർവ്വാധിനാഥനുമായ അവനോട് എവിടെവെച്ച് മനുഷ്യൻ പ്രാർത്ഥിച്ചാലും അവൻ കേൾക്കുന്നവനാണ്. ഏതൊരു ദാസനും കരുണാനിധിയായ നാഥനെ അഭിമുഖീകരിക്കുവാൻ മധ്യവർത്തികളോ ശുപാർശക്കാരോ ആവശ്യമില്ല. ഇവയെല്ലാം മനുഷ്യൻ തന്റെ ജീവിതകർമ്മങ്ങളിലൂടെ സാക്ഷീകരിക്കണം.

പ്രപഞ്ച നിയന്താവ് അവതരിപ്പിച്ച അവസാന ഗ്രന്ഥമായ ഖുർആൻ

എല്ലാ മനുഷ്യർക്കുമുള്ള സാന്മാർഗ്ഗിക ദീപമാണ്. മനുഷ്യരുടെ വിശ്വാസകാര്യങ്ങളും ആരാധനാ കർമ്മങ്ങളും മതമൂല്യങ്ങളുമെല്ലാം തന്നെ ഖുർആനിൽ നിന്നു സ്വീകരിക്കാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. ദൈവിക വചനങ്ങൾ ഓതിക്കേൾപ്പിച്ച മുഹമ്മദ് നബി(സ) അതിനു നൽകിയ വ്യാഖ്യാനം അഥവാ നബിചര്യ നാം നിരുപാധികമായി അനുസരിക്കേണ്ടതാണ്. മാത്രമല്ല നബി(സ)യോടു കൂടി ഈ മതം പൂർത്തിയായിട്ടുണ്ട്. തന്മൂലം നബി(സ)യുടെ നിർദ്ദേശങ്ങളില്ലാത്ത വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും മനുഷ്യൻ കയ്യൊഴിക്കണം. ഈ സൽപാന്ഥാവിലേക്ക് മാനവസമൂഹം ഒന്നടങ്കം വരികയാണെങ്കിൽ യൂനുസ് നബി(അ)ന്റെ ജനതയെപ്പോലെ എല്ലാവർക്കും ശാന്തിയും സമാധാനവും ലഭ്യമാകും. അപ്പോൾ അവിടെ ഭിന്നിപ്പുകളോ കുഴപ്പങ്ങളോ ഉണ്ടാവില്ല. ഇതാണ് മുജാഹിദുകൾ മനുഷ്യവർഗ്ഗത്തിന്റെ മുമ്പിൽ വിശിഷ്യാ മുസ്ലിം സമൂഹത്തിന്റെ മുമ്പിൽ സമർപ്പിക്കുന്ന യഥാർത്ഥ ഐക്യത്തിന്റെ രൂപരേഖ. ഇതംഗീകരിക്കുവാൻ മുസ്ലിംകളെങ്കിലും തയ്യാറാവുകയാണെങ്കിൽ ഭിന്നിപ്പും കക്ഷിവഴക്കും നിമിത്തം ശിഥിലമായ ഉത്തമസമൂഹം ഏകോദര സഹോദരരെപോലെ ഒത്തൊരുമിക്കും. മാത്രമല്ല അവർ ഐഹിക പാരത്രിക വിജയികളാവുകയും ചെയ്യും.

ഭിന്നിപ്പുകൾ അവസാനിപ്പിക്കാൻ പ്രഥമമായി ചെയ്യേണ്ടത് ഇന്നു വ്യത്യസ്താഭിപ്രായങ്ങളുള്ള എല്ലാ പ്രശ്നങ്ങളും ഖുർആനിന്റെയും സുന്നത്തിന്റെയും പ്രകാശത്തിൽ പരിശോധിക്കുകയാണ്

فان تنازعتم فى شيء فردوه الى الله والرسول (النساء ٥٩)

'നിങ്ങൾ ഭിന്നിക്കുന്ന കാര്യങ്ങൾ അല്ലാഹുവിങ്കലേക്കും പ്രവാചകനിലേക്കും വിധി തേടേണ്ടതാണ്.' (ആലുഇംറാൻ). അഥവാ ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങേണ്ടതാണ്. ഈ രൂപത്തിൽ ഇന്നു ഭിന്നിപ്പുള്ള എല്ലാ പ്രശ്നങ്ങളും നാം വിചിന്തനം ചെയ്യുകയും അല്ലാഹുവിന്റെ പ്രീതിയും പരലോക മോക്ഷവും കാംക്ഷിച്ച് അവയെ വിലയിരുത്തുകയും ചെയ്താൽ മുസ്ലിം ഐക്യം വിദൂരമല്ല.

എന്നാൽ ഈ ഭിന്നിപ്പുകളെല്ലാം നില വിലിരിക്കുകയാണെങ്കിൽ മതരംഗത്ത് ഒരു ഐക്യം എന്നും മരീചികയായിരിക്കും. കാരണം തങ്ങൾ സത്യമാണെന്നു വിശ്വസിക്കുന്ന കാര്യങ്ങൾ മറ്റുള്ളവരുടെ തൃപ്തിക്കുവേണ്ടി മറച്ചുവെക്കുകയും ഖുർആനിലേക്കും പ്രവാചകചര്യയിലേക്കും പ്രശ്നങ്ങൾ മടക്കുന്നതിന്നു പകരം കേവലം സാഹിത്യങ്ങളിലേക്കും മാമൂലുകളിലേക്കും മതകാര്യങ്ങൾ മടക്കണമെന്നു പറഞ്ഞാൽ സലഫീ പ്രസ്ഥാന

ത്തിനത് അംഗീകരിക്കാൻ നിർവ്വാഹമില്ല. കാരണം അസത്യത്തിൻമേലുള്ള യോജിപ്പിനെയും ഐക്യത്തെയും ഇസ്‌ലാം അംഗീകരിക്കുന്നില്ല. പ്രത്യുത അസത്യത്തിന്റെ കട്ടപിടിച്ച അന്ധകാരത്തിൽ സത്യത്തിന്നുവേണ്ടി പടപൊരുതണമെന്നു ഇസ്‌ലാം നിർദ്ദേശിക്കുന്നു. അതിന്നുവേണ്ടി ആരുമായി ഭിന്നിക്കുന്നതും ഇസ്‌ലാമിൽ തെറ്റായി ഗണിക്കുന്നില്ലെന്നു മാത്രമല്ല അതാണ് നബിമാരുടെയും സത്യവിശ്വാസികളുടെയും മാതൃകയെന്നു ഇസ്‌ലാം പഠിപ്പിക്കുന്നു.

മുസ്‌ലിംകൾ തമ്മിൽ ഇന്ന് ഭിന്നിപ്പുള്ള പ്രശ്നങ്ങൾ വളരെയേറെയില്ലെങ്കിലും അവ നിസ്സാരങ്ങളോ ശാഖാപരങ്ങളോ അല്ല. മൗലികമായിത്തന്നെ അഭിപ്രായാന്തരങ്ങളുണ്ട്. ഇസ്‌ലാമിന്റെ അടിസ്ഥാന സിദ്ധാന്തമായ 'ലാഇലാഹ ഇല്ലല്ലാഹ്'യിൽ അഥവാ തൗഹീദിൽ തന്നെയാണ് കേരള മുസ്‌ലിംകളും ഭിന്നിച്ചിരിക്കുന്നത്. ഒരു വിഭാഗം ഖബറുകളിൽ മറമാടപ്പെട്ട മഹത്തുക്കളെ വിളിച്ചു തേടുന്നതും അല്ലാഹു അല്ലാത്തവർക്ക് അദൃശ്യമറിയുമെന്നു വിശ്വസിക്കുന്നതുമെല്ലാം തൗഹീദിന്ന് വിരുദ്ധമല്ലാത്തതും പുണ്യകർമ്മവുമാണെന്ന് വാദിക്കുന്നു. മറ്റൊരു വിഭാഗമാകട്ടെ അവ തൗഹീദിന്ന് വിരുദ്ധവും മഹാപാപവുമാണെന്ന് വിശ്വസിക്കുന്നു. മുന്നാമതൊരു വിഭാഗമാവട്ടെ അവയൊക്കെ ശാഖാപരമായഅഭിപ്രായവ്യത്യാസമാണെന്ന് വിചാരിക്കുന്നു. അപ്രകാരം തന്നെ ഇസ്‌ലാമികേത ഗവൺമെണ്ടിനെ അംഗീകരിക്കുന്നതും രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്തുന്നതും ഇസ്‌ലാമിക വിരുദ്ധവും അനനുവദനീയവുമാണെന്നു ഒരു വിഭാഗം വാദിക്കുമ്പോൾ മറ്റു വിഭാഗങ്ങൾ അവയെല്ലാം അനുവദനീയമാണെന്നു വിശ്വസിക്കുന്നു.

നോക്കൂ! ഭിന്നിപ്പുകൾ നിസ്സാരങ്ങളാണോ. ഇതുപോലെയോ ഇതിനോടടുത്തോ പ്രാധാന്യമുള്ള പ്രശ്നങ്ങളിൽ ഭിന്നിപ്പുകൾ വേറെയുമുണ്ട്. ഇവക്കൊന്നും തന്നെ ഇസ്‌ലാമിന്റെ മൂലപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമായൊരു തീരുമാനത്തിലേക്ക്എത്തിച്ചേരാതിരിക്കുന്ന കാലത്തോളം മതരംഗത്ത് ഒരു ഐക്യം സാധ്യമാവില്ല.

എന്നാൽ മതരംഗത്തിന്നപ്പുറം മുസ്‌ലിംകളുടെയും ദേശത്തിന്റെയും പൊതു പ്രശ്നങ്ങളിൽ ഒത്തൊരുമിച്ചു നീങ്ങുന്നതിന്നു മുജാഹിദുകൾ ഒരിക്കലും തടസ്സം നിന്നിട്ടില്ല. രാഷ്ട്രത്തിന്റെയും മുസ്‌ലിംകളുടെയും പൊതു താൽപര്യത്തിന്നുവേണ്ടി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും സാംസ്കാരിക വിദ്യാഭ്യാസ സംഘടനകളിലും പ്രവർത്തിക്കാൻ ഇസ്‌ലാഹീ പ്രസ്ഥാനം അതിന്റെ പ്രവർത്തകരെ അനുവദിച്ചിട്ടുണ്ട്.പ്രസ്തുത രംഗത്ത് മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും നേതൃത്വം നൽകാ

നും മറ്റുള്ളവരുടെ നേതൃത്വം സ്വീകരിക്കാനും ഇസ്‌ലാഹി പ്രവർത്തകർ അമാന്തം കാണിച്ചിട്ടുമില്ല. മാത്രമല്ല, ഇത്തരം രംഗങ്ങളിൽ സംഘടനാ തലത്തിലും ഐക്യവേദികളുണ്ടാക്കാനും മുജാഹിദുകൾ ശ്രമിച്ചിട്ടുണ്ട്. ഇപ്പോഴും അതിനു തയ്യാറാണ്.

പക്ഷെ ഈ ഐക്യത്തെക്കാളും ദൃഢമായ രജ്ഞിപ്പ് ഖുർആനാകുന്ന പാശത്തിൽ പിടിച്ചുകൊണ്ടുള്ള മാനസികാനുരജ്ഞനമാണെന്ന് സലഫീ പ്രസ്ഥാനം കരുതുന്നു. മാനവ കുലത്തെ വിശിഷ്യാ മുസ്‌ലിംകളെ അല്ലാഹു ഖുർആനിന്റെയും സുന്നത്തിന്റെയും പ്രഭയിൽ ഐക്യത്തോടെ സാഹോദര്യത്തോടെ മുന്നേറാനും അധഃപതനത്തിൽ നിന്നു പ്രതാപത്തിലേക്ക് തിരിച്ചുവരാനും അനുഗ്രഹിക്കട്ടെ - ആമീൻ

●